



# ആശ്രമം എച്ച് എസ് എസ് പെരുമ്പാവൂർ

# കിന്ധുര



## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ : 2018-2019

# "കിന്ധുര"

## ഡിജിറ്റൽ മാഗസിൻ : 2018-2019

## ആശ്രമം എച്ച്.എസ്.എസ്. പെരുമ്പാവൂർ

## എറണാകുളം.

# സമർപ്പണം



## കേരളത്തിൻ പുനർജനിക്കായ് .......

### കേരള സൈന്യം

കലിതുള്ളി  കേരളത്തെ വിഴുങ്ങും വർഷത്തെ തോൽപ്പിച്ച്

കൈപിടിച്ചുയർത്തി ചീനവലയേന്തും കരങ്ങൾ

ഇന്നായിരംജീവനമ്മതേകി

കടലിൻ മക്കളാം മുക്കുവർ

കേരളത്തെ പടുത്തുയർത്താൻ ക്ഷണമെത്തിയോരേവർക്കും

കൂപ്പുകൈ സമർപ്പണം.

# അണിയറയിൽ

- ചീഫ് എഡിറ്റർ........................ ബെൻസൺ എൽദോസ്.
- സബ് എഡിറ്റേഴ്സ്........................ ജോബിൻ ജോസഫ്

  അലൻ സാബു

  ഇർഫാൻ ബുട്ടോ

  മീര മോഹനൻ

  അമൃത കെ .എസ്

  രാജേഷ് കണ്ണൻ



- പുറന്താൾ ഡിസൈൻ................. സിയോ സാബു
- ഗ്രാഫിക്സ്.................................. രാമചന്ദ്രൻ

  നസ്രീൻ ആലിയ

  അസ്മീൻ ഷാദിയ

  രാം കുമാർ

മലയാളം ടൈപ്പിങ് .............. പ്രണവ് പി.എച്ച്

ഫോട്ടോഗ്രഫി ............... . ആദിത്യൻ എസ്

വിഷ്ണു റ്റി ജി

മാർഗ നിർദ്ദേശം ............ ബിൻസിമോൾ പുന്നൂസ്

അന്ന വർഗ്ഗീസ്

# എഡിറ്റോറിയൽ




കുട്ടികളിൽ വിവര വിജ്ഞാന ശേഷി വർദ്ദിപ്പിക്കുന്നതിന് സ്ഥാപിതമായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ ഭാഗമാകാൻ കഴിഞ്ഞത് ഭാഗ്യമായി ഞങ്ങൾ കരുതുന്നു. ഓരോ ക്ലാസ്റൂമും ഹൈടെക് ആകുന്നതോടൊപ്പം ഓരോഅധ്യാപകരും വിദ്യാർത്ഥിയും ഹൈടെക് ആയിമാറുകയാണ്.ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ഞങ്ങൾക്ക് മറ്റുള്ളകുട്ടികളിൽ നിന്നും ഒരുപടികൂടി മുൻപിൽനിൽക്കാൻ സഹായിക്കുന്നു.ഡിജിറ്റൽ മാസികകൾ സ്വപ്നം മാത്രമായി ഒതുങ്ങിയിരുന്ന ഒരു കാലത്ത് നിന്ന് കുട്ടികൾ തന്നെ പ്രസാധകരായി മാറുന്ന സുദിനം സമാഗതമായിരിക്കുകയാണല്ലോ. ഇത്തരത്തിൽ ആശ്രമം ഹൈസ്കൂൾവിഭാഗത്തിൽ നിന്നും കിന്ധുര എന്നപേരിൽ കൈറ്റ്സിന്റെ അഭിമുഖ്യത്തിൽ ഡിജിറ്റൽമാസിക പ്രസിദ്ധികരിക്കാൻ സാധിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നു. അർജ്ജുനനൻ കിന്ധുര എന്ന വില്ല് എയ്ത് പാഞ്ചാലിയെനേടിയെടുക്കാൻ തക്കതായി മാറിയെങ്കിൽ ഞങ്ങളുടെ ആദ്യ സംരംഭമായ ഈ കിന്ധുര വൻവിജയമായി മാറും എന്നുതന്നെ വിശ്വസിക്കട്ടെ.കൈറ്റ്സിലെ കൂട്ടുകാർ മാത്രമല്ല സൃഷ്ടികൾഎഴുതിയും ടൈപ്ചെയ്തും പല കുട്ടികളും സഹായിച്ചു. എല്ലാ കൂട്ടുകാരോടുമുള്ള നന്ദി ഈ സമയംഅറിയിച്ചുകൊണ്ട്.

നിങ്ങളുടെ പ്രിയപ്പെട്ട

**ബെൻസൻ എൽദോ.**

# കിന്ധുര



മഹാഭാരതം ആദിപർവതത്തിലാണ് കിന്ധുര എന്ന പേര് കാണപെടുന്നത്.

" പാഞ്ചാലീ സ്വയംവരത്തിനായി പാഞ്ചാലരാജാവ് ദ്രുപദൻ ഒരുക്കിവച്ച ദൈവീക വില്ലാണ് കിന്ധുര. അതിന്റെ ഞാൺ ഇരുമ്പുകൊണ്ടാണ് നിർമിച്ചിരിക്കുന്നത്. മറ്റ് രാജാക്കൻമാർ തോറ്റുപിൻമാറിയ സമയത്ത് അർജ്ജുനൻ ആ വലിയ വില്ലിനെ പ്രദക്ഷിണംവച്ചു ദണ്ഡനമസ്കാരം ചെയ്തു. പുഞ്ചിരിച്ചുകൊണ്ട് വില്ല് കൈയിലെടുത്ത് ഞാൺ കെട്ടി.പിന്നീട് അഞ്ചെസ്ത്രങ്ങൾ അയച്ചു. അസ്ത്രം ലക്ഷ്യം കണ്ടു. നിമിഷം കൊണ്ട് ലക്ഷ്യം ഭേദിച്ച മത്സ്യം താഴെ വീണു. അർജ്ജുനൻ പാഞ്ചാലിയെ സ്വന്തമാക്കി.”

The Mar Thoma & E.A. Schools Corporate Management
(Established in 1959)
SCS Campus, Thiruvalla, Pathanamthitta Dist., Kerala - 689 101
E-mail: mteaschool@gmail.com, mteaschool@yahoo.in


Manager
Lalamma Varughese

0469-2630559

# ആശംസ



**കി**ന്ധുര എന്ന ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നതിൽ ആശ്രമം കൈറ്റ്സ് യൂണിറ്റിനെ അഭിനന്ദിക്കുന്നു.കൈറ്റ്സ് യുണിറ്റിനു ലഭിച്ച പരിശീലനങ്ങളിലൂടെ കുട്ടികൾ തന്നെ പ്രസാധകരായി ഡിജിറ്റൽ മാസിക എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നു.കിന്ധുര എന്ന വില്ല് പ്രയോഗിച്ച് പാഞ്ചാലിയെ നിഷ്പ്രയാസം സ്വന്തമാക്കിയഅർജ്ജുനനെ പോലെ താലന്തുകളും,പരിശീലനങ്ങളും,സമയവും ശരിയായി വിനിയോഗിച്ച് ഡിജിറ്റൽ മാസിക എന്ന ആഗ്രഹം സഫലീകരിച്ച കുട്ടികൾക്കും, എഴുത്തുകൂട്ടത്തിനും, നേതൃത്വം നൽകിയ അധ്യാപകർക്കും ആശംസകൾ നേരുന്നു.



# ആശംസ



ആശ്രമം ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധികരിക്കുന്ന 'കിന്ധുര'യ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഇന്ന് ന്യൂ ജനറേഷൻ യുഗം . എന്തിനെയും ഏതിനേയും തന്റെ കൈക്കുമ്പിളിൽ ചെറുതാക്കാൻ ശ്രമിക്കുന്ന യുവത്വം.

പേനയും കടലാസും കൊണ്ട് വർണ്ണപ്പൊലിമ തീർത്തിരുന്ന ബാല്യം ഇന്ന് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും വലിയപ്രപഞ്ചത്തിലേക്ക് ഉയർന്നു കഴിഞ്ഞു.

ഇന്ന് വായനയുടെ ലോകം പരിമിതമാണ്. കാഴ്ചയുടെ ലോകം മികവുറ്റതും. ഇതിൽ ശരിതെറ്റുകളുടെ വേർതിരിവ് തിരിച്ചറിയേണ്ടതുണ്ട്.

ഇന്ന് പ്രതികരണങ്ങൾക്ക് ഏറെ ശക്തിയുണ്ട്.പക്ഷേ നന്മകൾക്ക് ഏറെ ശക്തി കുറയുന്നു .

ഈ ബാല്യത്തിൽ നമുക്ക് ഒരുപാട് പ്രതീക്ഷകളുണ്ട് .നന്മയുടെയും കരുത്തന്റെയും പ്രതീക്ഷ.

ശരീരത്തിൻ ആരോഗ്യം മനസ്സിന്റെ ബലത്തിൽ പ്രതിഫലിക്കുന്നു.ന്യൂജെൻ യുഗത്തിൽ മനോബലമുള്ള ഒരുതലമുറയുടെ സൃഷ്ടിയാണ് ലിറ്റിൽ കൈറ്റ്സ് നടത്തുന്നത്.

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സൃഷ്ടികൾകൊണ്ട്സമ്പന്നമാണ് കിന്ധുര.

അക്ഷരങ്ങൾ അറിവിന്റെ ചിഹ്നമാണ്. കിന്ധുര അറിവിന്റെ ഒരുമയാകട്ടെ എന്നാശംസിക്കുന്നു

സ്നേഹപൂർവ്വം,

ജോൺ കെ .തോമസ്

പ്രിൻസിപ്പാൾ

# ആശംസ



**അ**ക്ഷരങ്ങളിലൂടെ അറിവിൻെറ പൊൻവെളിച്ചം വിതറി അജ്ഞതയുടെ അന്ധകാരം നീക്കി നിലകൊള്ളുന്ന ഈ ആത്മവിദ്യാലയത്തിന് നേതൃത്വം നൽകാൻ കഴിയുന്നതിൽ അഭിമാനിക്കുന്നു. മാറ്റങ്ങൾ അനിവാര്യമായി കൊണ്ടിരിക്കുന്ന ഈ കലാലയവർഷത്തിൽ വിദ്യാഭ്യാസരംഗത്ത് അത്ഭുതാവഹങ്ങളായ മാറ്റങ്ങളോടെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. വിവര വിജ്ഞാനസാങ്കേതിക രംഗത്ത് സമർത്ഥരായ ഒരു പറ്റം വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ ഈ വർഷം തുടക്കമിട്ട ലിറ്റിൽ കൈറ്റ്സിന് സാധിക്കും എന്നതിൽ സംശയം ഇല്ല. കുട്ടികൾതന്നെ പ്രസാധകരായി ഗ്രാഫിക്സും ടൈപ്പിങ്ങും നിർവഹിച്ച് അതിമനോഹരമാക്കിയ "കിസ്ഥുര "എന്ന ഈ ഡിജിറ്റൽ മാസികക്കും ഇതിൻെറപിന്നിൽ പ്രവർത്തിച്ച എല്ലാകുട്ടികൾക്കും നേതൃത്വം നല്കിയ അദ്ധ്യാപകർക്കും ഭാവുകങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,

ഹെഡ്മാസ്റ്റർ- മോൻസി ജോർജ്.പി.

# ആശംസ



പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ആശ്രമത്തിലെ വിദ്യാർത്ഥികൾ എന്നും മുൻപന്തിയിൽ തന്നെയാണ്. അതിന് മികച്ച ഉദാഹരണമാണ് കുട്ടികൾതന്നെ പ്രസാധകരായ ഈ ഡിജിറ്റൽ മാസിക. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

Senior Assistant-ഷീബാ ചാക്കോ.

# അകത്താളം


- അഭിമാനത്തോടെ കൈറ്റ്സ്- -ബിൻസി മോൾ പുന്നൂസ്,അന്ന വർഗീസ്(കൈറ്റ് മിസ്ട്രസ്)
- എന്റെ തുരീയ(കവിത)-മുഹമ്മദ് സൽമാൻ
- ചേന്ദമംഗലത്തെ ചെളി കുട്ടികൾ -വിനീത എബ്രഹാം
- ആശ്രമത്തിലെ അഭിമാനം ബേസിൽ തമ്പി-ഇർഫാൻ ബ്യൂട്ടോ
- ഓർമ്മകൾക്കെന്തു സുഗന്ധം -(ഓർമ്മക്കുറിപ്പ്)ഡോക്ടർ ജേക്കബ് ജോർജ്
- ഓർമ്മകൾ മേയുന്ന തിരുമുറ്റത്ത്-(ഓർമ്മക്കുറിപ്പ്)ഷേർലി ഡേവിഡ്
- പെരുമയേറും പെരുമ്പാവൂർ
- പ്ലാസ്റ്റിക്കും കടലിനെ കാർന്നുതിന്നും ക്യാൻസറും-ഏബെൻ ജോൺ തോമസ്
- ആർ സി ടി സി (അനുഭവ കുറിപ്പ്)-അതുൽ കൃഷ്ണ അനീഷ്
- ജൈവവൈവിധ്യ സംരക്ഷണം -ജിൻസി ജോർജ്ജ്
- പ്രളയക്കെടുതിയുടെ കണ്ണീർ ഓർമ്മകൾ -അപർണാ ശിവൻ
- ശാസ്ത്രം വിരൽത്തുമ്പിൽ ആക്കിയ മാന്ത്രികൻ-ബെൻസൺ എൽദോസ്
- കായംകുളം കൊച്ചുണ്ണി സിനിമയും അൽപം ചരിത്രവും-ഫത്താഹുദീൻ
- എടക്കൽ എന്ന മഹാത്ഭുതം-(യാത്രാവിവരണം)-നന്ദന ഓ സി




- എന്റെ അമ്മയോ സ്നേഹ പൊതിയോ (കവിത)-ജുവൽ ബേബി
- മുല്ലപ്പൂ മണമുള്ള പുരസ്കാരം -ബിൻസി മോൾ പുന്നൂസ്
- സൂപ്പർമൂൺ സൂപ്പറാ-അന്ന വർഗീസ്
- ബ്ലെൻഡറിലെ അത്ഭുതലോകം -അലൻ സാബു
- ഇന്റർനെറ്റ് ഉപയോഗം നല്ലതോ ദോഷമോ-സിയോ സാബു
- ചങ്കരൻ പ്ലാവ് (നാടകം) -ജോബിൻ ജോസഫ് ജോയ്
- ഭൂവിസ്മയങ്ങൾ (കവിത )-മീര മോഹനൻ
- ജീവനുവേണ്ടിയുള്ള പാച്ചിൽ (കഥ )-വിബിൻ ബെന്നി
- വാർധക്യത്തിന് തണലാകാം-ആലിയ ഹമീദ്
- വാത്സല്യം (കഥ ) സയ പി .എസ്
- ആഗോളതാപനം മരമാണ് മറുപടി-അമിത് ബോബി പോൾ
- എന്റെ ക്ലാസ് മുറി (കവിത) -പ്രിയ
- ലഹരിയിൽ ജീവിതം നശിപ്പിക്കരുതേ -ഹനുമന്ത്
- ശുചിത്വം നമുക്ക പ്രാധാന്യം -ബിസ്മി ഇസ്മായേൽ
- പുനർജനി ഡിജിറ്റൽ ചിത്രങ്ങൾ
- ആശ്രമം ഹയർസെക്കൻഡറി സ്കൂൾ 2018-19 പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ




ASRAM
HIGHERSECONDARY SCHOOL
ASRAM CAMPUS
BY LOVE SERVE ONE ANOTHER


ASRAM HIGHER SECONDARY BLOCK

# അഭിമാനത്തോടെ കൈറ്റ്സ്

കൈറ്റ് മിസ്ട്രസ്-ബിൻസിമോൾ പുന്നൂസ് ,അന്ന വർഗ്ഗീസ്




Kerala infrastructure and technology for education എന്നാണ് KITE എന്നതിന്റെ പൂർണ്ണരൂപം. കേരളത്തിലെ വിദ്യാലയങ്ങളിലെ കമ്പ്യൂട്ടറധിഷ്ഠിത വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായാണ് KITE സ്ഥാപിതമായത്. 2001/02 വർഷം ICT വിദ്യാഭ്യാസം സ്കൂൾതലത്തിൽ തുടങ്ങിയെങ്കിലും 2017 ആഗസ്റ്റിലാണ് സംസ്ഥാനത്തെ ആദ്യ Special Purpose Vehicle ആയ KITE രൂപീകരിക്കപ്പെടുന്നത്. ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ നിലവിലിരുന്ന പരിപാടിയുടെ പരിഷ്കരിച്ച രൂപം തന്നെയാണ് KITE. മുൻകാല പദ്ധതികളെ അപേക്ഷിച്ച് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിനായതിൽ എല്ലാ പ്രവർത്തനങ്ങളെയും കുറ്റമറ്റതാക്കിമുൻപോട്ടു നയിക്കുവാൻ കഴിയുന്നുണ്ട്.

കേരള ഗവൺമെന്റിന്റെ KIFB-യിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന ആദ്യത്തെ S.P.V ആണ് KITE. ഇതിന്റെ നേതൃത്വത്തിൽ സമഗ്ര, സമ്പൂർണ്ണ,School Wiki തുടങ്ങിയവയെല്ലാം കൂടുതൽ

പുഷ്ടിപ്പെടുത്താൻ സാധിക്കുന്നുണ്ട്. ഹൈടെക്ക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1910 ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ അധ്യയന വർഷം പ്രവർത്തിക്കുന്നുണ്ട്. KIFB നൽകിയ 493.50 കോടിരൂപ ഉപയോഗിച്ച് സംസ്ഥാനത്തെ 45000 സ്കൂളുകളിലായി 45000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കാൻ KITE-ന് സാധിച്ചിട്ടുണ്ട്.

## ലിറ്റിൽ കൈറ്റ്സ്



ഈ പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത്. ഗ്രാഫിക്സ്&അനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിങ്,മൊബൈൽ ആപ് നിർമ്മാണം റോബോട്ടിക്സ്,ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ്,ഡെസ്ക്ടോപ് പബ്ലിഷിങ്,ഇന്റർനെറ്റ്,സൈബർ സുരക്ഷ എന്നിങ്ങനെ വിവിധ മേഖലകൾ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ മികവുപുലർത്തുന്നവർക്ക് സബ്ജില്ലാ, ജില്ലാ ,സംസ്ഥാന ക്യാമ്പുകളിൽ പങ്കെടുത്ത് ഉയർന്നപരിശീലനം നേടാം. ഇതു കൂടാതെ വിദഗ്ധരുടെ ക്ലാസ്സുകൾ, ഫീൽഡ് വിസിറ്റ് തുടങ്ങിയവയും ഉൾക്കൊള്ളിച്ചിരിക്കുന്നു. എട്ടാം സ്റ്റൻഡേർഡിൽ പഠിക്കുന്ന കുട്ടികളിൽ അഭിരുചി പരിക്ഷനടത്തിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 9-ാം ക്ലാസ്സിലെ അധ്യയന വർഷം പരിശീലനം നൽകും. സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം ലഭിക്കുന്നതുമൂലം ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖല കണ്ടെത്തുന്നതിനും ആഭിമുഖ്യം ജനിപ്പിക്കുന്നതിനും സാധിക്കും.

# ആശ്രമം കൈറ്റ്സ് യൂണിറ്റ്

LK/2018/27004 എന്ന പേരിൽ 25 കുട്ടികൾ അടങ്ങുന്ന യൂണിറ്റാണ്ആശ്രമത്തിൽ ഉള്ളത്. പെരുമ്പാവൂർ സബ്ജില്ലയിൽ നടന്ന ക്യാമ്പിൽ 6 കുട്ടികൾ പങ്കെടുത്തു. അതിൽ ബെൻസൺ എൽദോസ്



ജില്ലാക്യാമ്പിലേക്ക് യോഗ്യത നേടി. ഐ.ടി മേളയിലും കൈറ്റ്സിലെ കുട്ടികൾ പങ്കെടുത്തു. ബെൻസൺഎൽദോ ഐറ്റി ക്വിസിൽ 3-ാം സ്ഥാനവും അസ്മീൻ ഷാദിയ ഡിജിറ്റൽ പെയ്ൻറിങ്ങിൽ

c ഗ്രേഡും നേടി. കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ school digital magazine തയ്യാറാക്കി വരുന്നു. ആനിമേഷൻ, മലയാളം ടൈപ്പിങ്ങ്,മൊബൈൽ ആപ്പ്,കമ്പ്യൂട്ടർ game [scrach],റോബോട്ടിക്സ്,



എന്നിവയിൽ സമർത്ഥരായ ഒരു പറ്റം കുട്ടികളെ സൃഷ്ടിക്കാൻ ഉറപ്പായും ലിറ്റിൽ കൈറ്റ്സിന് സാധിക്കും. കൈറ്റ് മിസ്ട്രസ് മാരായി ബിൻസിമോൾ പുന്നൂസ്,അനുവർഗീസ്സ്എന്നിവർ പ്രവർത്തിക്കുന്നു.

# എന്റെ തുരീയ.

## കവിത

മുഹമ്മദ് സൽമാൻ 8c



*തിരകൾ എന്റെ ജീവന് വിലയിട്ട നേരം*
*പൊള്ളയാണെൻ ഉള്ളം മുഴവൻ*
*ഒരേ ഒരോർമ മാത്രം*
*എന്റെ പ്രിയപ്പെട്ട തുരിയ*
*അത് എന്നിൽ നിന്ന് അകലെയാണിപ്പോൾ*
*പൊട്ടിപ്പൊളിഞ്ഞൊരു ഓർമ മാത്രം*
*മാൻ പേടയെ വേട്ടയാടുന്ന പോലെ*
*അവനമായ് വേഗത്തിൽ മാഞ്ഞു കടലമ്മ*
*ഇനി അവൻ ഒരോർമ്മയാണെങ്കിലും*
*അവൻ എന്നും എന്റെ പ്രിയപ്പെട്ട തുരിയ*




*ഗോൾഡൻ ഗ്ലോബ് പ്രയാണത്തിനിടെ അപകടം പറ്റി പായ് വഞ്ചി 'തുരീയ 'നഷ്ടപ്പെട്ട അഭിലാഷ് ടോമിക്ക് സമർപ്പിക്കുന്നു.*

# ഓർമ്മകൾമേയുന്ന തിരുമുറ്റം

ഓർമ്മകുറിപ്പ്

ഷേർളി ഡേവിഡ്   (ഹയർ സെക്കൻഡറി അദ്ധ്യാപിക)






**പൌരാണികത്വവം പാരമ്പര്യവും വിളിച്ചോതുന്ന, കണ്ണിനും മനസ്സിനും കുളിർമയേകുന്ന ആശ്രമം കാമ്പസ്. . . . . ബാല്യം കടക്കാത്തവരും കൌമാരത്തിലേക്ക് കാലൂന്നിയവരും,**

**വെളിച്ചം തേടി ഒഴുകി എത്തുന്നവരും ഒഴുകിപോകുന്നവരും,**

**അവരുടെ ആരവങ്ങളും ചാപല്യങ്ങളും നിറഞ്ഞ് അർത്ഥ സംപുഷ്ടമാക്കിയ നിമിഷങ്ങൾ. . . . . സ്നേഹനിധികളായ സഹപ്രവർത്തകരോടൊത്തുള്ള നർമ്മരസങ്ങളായുള്ള അനുഭവങ്ങളും ജീവിതവും**

***ആശ്രമം സ്കൂളിൽ നിന്നും ഞാൻ കൊണ്ടുപോകട്ടെ. . . .***




# ഓർമ്മകൾക്കെന്തു സുഗന്ധം

ഓർമ്മകുറിപ്പ്

ഡോ. ജേക്കബ് ജോർജ്ജ് (ഹയർ സെക്കൻഡറി അദ്ധ്യാപകൻ)






2000 ഒക്ടോബർ 10 സ്കൂളിലേക്ക് കടന്നു വന്ന ദിവസം, ചരിത്രത്തിന്റെഏടുകളിൽ ഓടി ഒളിച്ച സുദിനം. ഹയർസെക്കണ്ടറി വിഭാഗത്തിലെ ഗാന്ധിയൻ പഠനവിഭാഗത്തിലെ അദ്ധ്യാപകനായി ചേർന്ന സുദിനം. അടി സ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്തഅവസ്ഥ.സ്കൂൾഓഡിറ്റോറിയത്തിലും ഹൈസ്കൂൾ വിഭാഗത്തിന്റെ മുൻഭാഗങ്ങളും ആയിക്ലാസ്സ് മുറികൾ ക്രമീകരിച്ച് കുറച്ചുനാള് ഒരു സ്റ്റാഫ്റൂമിൻെ ഓരം ചേർന്ന് ജീവിച്ച അവസ്ഥ.എന്നാൽ അങ്ങനെ സ്നേഹമസൃതമായ പെരുമാറ്റം ഇന്ന് അന്യം നിന്നുപോയോ?അതിൽ നിന്നൊക്കെ വിഭിന്നമാണ് ഇന്ന് നാം കാണുന്ന കാഴ്ച. ആ ഇല്ലായിമയിൽ നിന്ന് സർവശക്തൻ സ്കൂളിനെ ഇന്നോളം വളർത്തി. ടി.ഡി അന്നമ്മ ടീച്ചർ തറക്കല്ലിട്ട പ്രസ്ഥാനം മാറ്റി വരയ്ക്കപ്പെട്ട അനേകം പ്ലാനുകളിലൂടെ കടന്നാണ് ഇന്നു നാം കാണുന്ന കെട്ടിടം ആയി മാറിയത് .ഇതൊന്നും ജീവിതത്തിൽ മറക്കാവുന്നതല്ല. കൊച്ചിയിലെ തോമസ് ജേക്കബ് സാറും അത്തനേഷ്യസ് തിരുമേനിയും തമ്മിലുള്ള സൗഹൃദക്കൂട്ടായ്മ ഈ പ്ലാനിലെക്ക് നയിച്ച എന്ന് പറയുന്നതാവുംശരി. കെ.ബേബി സാറിന്റെ കാലത്ത് ഒന്നാം കൂദാശ നടത്തി. ആറ്മുറികൾ തീർക്കാൻ സാധിച്ചു. പിന്നീട് വന്ന കുരുവിള സാറും സൂസി ടീച്ചറും നേതൃത്തം നൽകി. ഇന്ന് നാം കാണുന്ന ഹയർ സെക്കന്ററിയുടെ വളർച്ചയ്ക്ക് സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.അതിനെല്ലാം ഇടയാക്കിയ സർവ്വേശ്വരന്റെ പാദാരവിന്ദങ്ങളിൽ നമിച്ചുകോണ്ട് ഈ അനുസ്മരണം ഇവിടെ അവസാനിപ്പിക്കട്ടെ.

# എന്റെ അമ്മയോ... സ്നേഹ പൊതിയോ

കവിത

ജുവൽ ബോബി.



**അ**മ്മയുടെ താരാട്ടും കേൾക്കാതുറങ്ങില്ല
ഉണ്ണിയെന്നനിക്കറിഞ്ഞൂടെ

ചുണ്ടിലെ ചുംബനം ഏല്ക്കാതെ നിർത്തില്ല
നിൻ തിരു കണ്ണിന്റെ കണ്ണീരെ

കണ്ടില്ലയെന്നെ നീ എങ്കിലുറങ്ങില്ല
നിൻ കുഞ്ഞു മനം എന്നെനിക്കറിയാം
പൂവിനു നൽകിടും
ഓമനത്വം നിനക്കേകിടാം
ഓമനേ എന്റെ ചാരെ
സ്നേഹ പൊതിയിൽ
നിന്നെ ഞാനെന്നും
പൊന്നായ് പൊതിയും എന്റെ മുത്തേ

കണ്ടില്ല നിന്നെ ഞാൻ
ഏറെ നേരം
തീയായ് ഉരുകുംഎന്റെ മനം



# .ആശ്രമത്തിന്റെ അഭിമാനം -ബേസിൽ തമ്പി ...

*ഇർഫാൻ ബുട്ടോ*







ആശ്രമം സ്കൂൾ 2007 ബാച്ചിലെ പൂർവവിദ്യാർത്ഥി ആണ് ബേസിൽ തമ്പി . 'ഇയാളെപ്പോലുള്ള കളിക്കാരുള്ളപ്പോൾ ഇന്ത്യൻ ക്രിക്കറ്റ് ശരിയായദിശയിൽ തന്നെയാണ്.' ഇതാണ്സഹതാരം സ്വെയ്ൻ ബ്രാവോയുടെ വാക്കുകൾ.ഐ പി എല്ലിലെ എമേർജിങ് പ്ലയർ പുരസ്കാരം (10 ലക്ഷം രൂപ) നേടിയ ബേസിൽ വൈകാതെ ഇന്ത്യൻ എ ടീമിലും പിന്നാലെ ഇന്ത്യൻ സീനിയർ ടീമിലുമെത്തി. ഒരു പ്രദേശിക കളിക്കാരൻ മാത്രമായിരുന്ന ബേസിൽ ഇന്ന് ക്രിക്കറ്റ് ലോകത്തിന്റെയാകെ ശ്രദ്ധനേടി. കഴിഞ്ഞവർഷം ഗുജറാത്ത് ലയൺസ് 85 ലക്ഷംരൂപയ്ക്കാണ്ബേസിലിനെ സ്വന്തമാക്കിയത്.അത് വെറുതെയായില്ല. ഗെയ്ലിനെ വിക്കറ്റോടെ കൂട്ടുക്കി വരവറിയിച്ചതിനു പിന്നാലെ കോഹ്ലി , ധോണി , ഹാഷിം, അംല, പൊള്ളാർഡ് തുടങ്ങിയവർ മുട്ടുമടക്കി . 'ഞാൻ കളി ശ്രദ്ധിക്കാറുണ്ട് സ്വന്തം സ്റ്റൈലിൽ തന്നെ കളിക്കുക 'എന്നാണ് സച്ചിൻ പറഞ്ഞത്. പിന്നീട് 95 ലക്ഷം രൂപക്ക് ഹൈദരാബാദ് സൺ റൈസേഴ്സ് ബേസിലിനെ സ്വന്തമാക്കി. ഐ പി എലിലെ മിന്നും പ്രകടനം ദക്ഷിണാഫ്രിക്കൻ പര്യടനത്തിലെക്ക് എത്തിച്ചു. ഇവിടെ നിന്ന് 5 വിക്കറ്റ് കൊയ്തു. പിന്നാലെ ഇന്ത്യൻ ടീമിലെത്തി ധോണിക്കൊപ്പമുള്ള അനുഭവവവും ദേശീയഗാനത്തിനായി ഇന്ത്യൻ ജേഴ്സിയിൽ നിന്നതും സ്വപ്നതുല്യമായി ബേസിൽ കാണുന്നു.

# ശാസ്ത്രം വിരൽത്തുമ്പിലാക്കിയ മാന്ത്രികൻ

## സ്റ്റീഫൻ വില്യം ഹോക്കിങ്






ബെൻസൺ എൽദോ

ശാസ്ത്രത്തിന്റെ ഭൂമിയിലെ അമ്പാസിഡർ എന്നുവിശേഷിക്കപ്പെട്ട ഹോക്കിങ്

അമിയോ ട്രോപ്പിക്ക് ലാറ്ററൽ സ്ലിറോസിസ് എന്ന രോഗത്തിന് അടിമയായിരുന്നു.പ്രപഞ്ചത്തിന്റെ തുടക്കം ഒടുക്കം തമോഗർത്ത സിദ്ധാന്തം എന്നിവ സംഭാവനകളാണ്. A BRIEF HISTORY OF TIME അദ്ദേഹത്തിന്റെ രചനയാണ്.2018 മാർച്ച് 14 ഐൻസ്റ്റീന്റെ ജന്മ ദിനത്തിലാണ് ഇദ്ദേഹത്തിന്റെ മരണം എന്നത് വിസ്മയം സ്രൃഷ്ടിക്കുന്നു.

സ്റ്റീഫൻ ഹോക്കിങ്ങിന്റെ അവസാനത്തെ പുസ്തകം 2018 ഒക്ടോബറിൽ പുറത്തിറക്കി. മാർച്ച് മാസത്തിൽ ഹോക്കിങ്ങ്സിന്റെ മരണത്തോടനുബന്ധിച്ചാണ് പുതിയ പുസ്തകം ചർച്ചചെയ്യപ്പെടുന്നത്. വലിയ ചോദ്യങ്ങൾക്ക് ഹ്രസ്വമായ ഉത്തരം നൽകിക്കൊണ്ട് പുസ്തകത്തിന് നാല് ഭാഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നമ്മളുടെ നില നിൽപ്പ്, അതിജീവനം, സാങ്കേതികവിദ്യ തുടങ്ങിയവയെ നാലുവിഭാഗങ്ങളായി തിരിച്ചിരിക്കുകയാണ് ഈ പുസ്തകത്തിൽ.



# ചേന്ദമംഗലത്തെ ചെളിക്കുട്ടികൾ



## ചേക്കുട്ടി പാവകൾ അതിജീവനത്തിന്റെ രസതന്ത്രം

വിനീത ഏബ്രഹാം




വസ്ത്രവ്യാപാര വിപണനരംഗത്ത് വൻകിട മത്സരം നടക്കുന്ന വർത്തമാനകാല യാഥാർത്ഥ്യം ആണ് നമുക്കുള്ളത്.അത്യാധുനിക നെയ്ത്തുമെഷീനുകളും സാങ്കേതിക രംഗത്തെ വൻ മുന്നേറ്റങ്ങളും പ്രാദേശിക നെയ്ത്തുഗ്രാമങ്ങളെ തകർത്തുകൊണ്ട് കച്ചവടോൻമുഖമായി മാറുന്നു. ഇവിടെ വീടുകളിൽ തറി ഒരുക്കിയ ചെറു ജീവിതങ്ങൾ പാടെ അവഗണിക്കപ്പെടുകയും സമൂഹം വർണ്ണപ്പകിട്ടാർന്ന തുണിമില്ലുകളുടെ പ്രചാര വലയത്തിനുള്ളിൽ അകപ്പെടുകയും ചെയ്തു. എങ്കിലും പരസ്യകൈത്താങ്ങലുകളോടെ പ്രാദേശിക കൈത്തറി യൂണിറ്റുകൾ മുന്നോട്ടുപോയി. എന്നാൽ അപ്രതീക്ഷിതമായ പ്രളയ ദിനങ്ങളും വെള്ളപ്പൊക്കവും കവർന്നെടുത്തത് ചേന്ദമംഗലം കൈത്തറി ഗ്രാമത്തിനു സ്വപ്നങ്ങളാണ്, ജീവിതമാണ്. എറണാകുളം ജില്ലയിലെ കൈത്തറി ഗ്രാമമാണ് ചേന്ദമംഗലം. വീടുകളോട് അനുബന്ധിച്ച് തറിയൊരുക്കിയാണ് നിർമ്മാണം. സംഹാരതാണ്ഡവമാടിയ








പ്രളയം കവർന്നെടുത്തത് 200 ലക്ഷത്തോളം രൂപയുടെ വസ്ത്രങ്ങളും ലക്ഷക്കണക്കിന് രൂപയുടെ മൂല്യങ്ങളുമാണ്. അതോടൊപ്പം തറികൾ പ്രവർത്തന യോഗ്യമല്ലാതാ യതോടെ കോടിക്കണക്കിന് രൂപയുടെ നാശവും ഉണ്ടായി. തുണികൾ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്നത് കണ്ട് അമേരിക്കൻ ഡിസൈനറായ ലക്ഷ്മി മേനോനും സുഹൃത്ത് ഗോപിനാഥനും തോന്നിയ ആശയമാണ് ചേക്കുട്ടികൾ എന്ന സങ്കല്പം.



"ചേക്കുട്ടി എന്നാൽ ചേറിനെ അതിജീവിച്ച കുട്ടി". ചേറിനെ അതിജീവിച്ച് ബാക്കിയായ തുണികളെ കഴുകി അണുവിമുക്തമാക്കിയശേഷം കാറിലും മറ്റും തൂക്കിയിടാവുന്ന രീതിയിൽ പാവകളെ നിർമിക്കുക, അത് വിറ്റുകിട്ടുന്ന പണം ചേന്ദമംഗലത്തെ കൈത്തറി ഗ്രാമത്തിന്റെ പുനരുദ്ധാരണത്തിനായി ഉപയോഗിക്കുക,അതിനുവേണ്ടി ദുരിതാശ്വാസത്തിന് ഇറങ്ങിയ വിദ്യാർഥികളെയും യുവ ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് കുസാറ്റിൽ നിന്നും പരിശീലനം നേടിയ വനിതാ സംരംഭകരുടെ നേതൃത്വത്തിൽ പാവ നിർമ്മാണം തുടങ്ങി .ഒരു പാവയ്ക്കു 25 രൂപ നിരക്കിലാണ് വില്പന ഒരു സാരിയിൽ നിന്ന് 350 ഓളം പാവകളെ നിർമിക്കാനാവും 9000 രൂപവരെ ഇത്തരത്തിൽ സമാഹരിക്കാനാവും. പ്രളയത്തെയും അതിജീവനത്തെയും ഓർമിപ്പിക്കുന്ന അതിശക്തമായ സാന്നിധ്യമായി മാറുകയാണ് ചേക്കുട്ടി പാവകൾ.നമുക്കുമേൽ അധിനിവേശം നടത്തിയ ഏതൊരുദുരന്തത്തെയും അതിജീവിക്കാനുള്ള





ഇച്ഛാശക്തി മനുഷ്യനുണ്ട്. ഇവിടെയും ചേക്കുട്ടിപ്പാവ എന്നത് മലയാളിയുടെ അതിജീവനത്തിന് രസതന്ത്രം ആയിമാറുകയാണ്. പ്രളയവും പ്രളയക്കെടുതിയും മാത്രമല്ല ഇവിടെ നാം അതി ജീവിക്കേണ്ടത്ടെക്നോളജിയുടെ കടന്നുവരവോടെ നിർജീവമായി കൊണ്ടിരിക്കുന്ന മനുഷ്യ വിഭവശേഷിയെ കൂടിയാണ്. അതുകൊണ്ടുതന്നെ ചേക്കുട്ടി പാവകൾ എന്ന അതിജീവനത്തിന് രസതന്ത്രത്തിലേക്ക് നമുക്ക് ഏകമനസ്സായി കൈകോർക്കാം. ആശ്രമംസ്കൂളിലെ കുട്ടികൾ ചേക്കുട്ടി പാവ നിർമ്മാണത്തിനായി മുന്നിട്ടിറങ്ങിയിരിക്കുകയാണ് അതിജീവനത്തിന് ഒരു കൈത്താങ്ങായി ആശ്രമം സ്കൂളും കൈകോർക്കുന്നു.



*വര - നസ്രീൻ ആലിയ*






പ്രണവ് പി.എച്ച്

പെരുമയേറും പെരുമ്പാവൂർ; എന്റെ സ്വന്തം നാട്. പെരിയ ഊരാണ് പെരുമ്പാവൂരായത്. പേരിൽ തന്നെ ഒരു തമിഴ് ചുവയുണ്ട്. തമിഴ് നാടും കേരളവും ഒന്നായിരുന്ന കാലഘട്ടത്തിൽ ചേരസാമ്രാജ്യത്തിന്റെ കുട്ടനാട് എന്ന പ്രവിശ്യയിലായിരുന്നു എന്റെ നാട്. പിന്നീട് കുലശേഖര ഭരണ കാലഘട്ടത്തിൽ കൈക്കാടിന്റെ ഭാഗമായിരുന്നു പെരുമ്പാവൂർ. ഐതിഹ്യങ്ങൾ കെട്ടുപിണഞ്ഞ് കിടക്കുന്ന ഇരിങ്ങോൾകാവ്, പ്രാചീന ജൈനമതവിഹാരമായ കല്ലിൽക്ഷേത്രം എന്നിവയും പഴമയുടെ ചരിത്രരേഖകൾ പതിഞ്ഞവയാണ്.





നിരവധി ക്രിസ്ത്യ, ഇസ്ലാം, ദേവാലയങ്ങളും ഇവിടെയുണ്ട്. ഈ പ്രദേശത്തെ ഒരു കാലത്ത് പ്രസിദ്ധമാക്കിയ വ്യവസായശാലയാണ് റെയോൺസ് ഫാക്ടറി. ഒരു കാലത്ത് ഏറ്റവുമധികം ലാഭം കൊയ്ത സ്ഥാപനമാണിത്. ആതിഥേയ മര്യാദപാലിക്കുന്നതിൽ മുൻപന്തിയാലാണെന്റെ നാട്. വൈവിധ്യമാർന്ന സംസ്കാരവും ഐതിഹ്യങ്ങൾ കൊരുത്തെടുത്ത ദേവാലയങ്ങളും, വ്യവസായസ്ഥാപനങ്ങളും ചരിത്രത്തിൽ സ്ഥാനം കുറിച്ചവയാണ്.വിവിധ ജാതി, വർഗ്ഗ, മത വിഭാഗക്കാരുടെ സമന്വയമാണിവിടം. എണ്ണുകൊണ്ടും പ്രമുഖരുടെ പുതിയ ചരിത്രങ്ങൾ സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇന്ന് പെരുമയിലൂടെ ഈ പെരിയ ഊര് പെരുമയുടെ ഊരായ് മാറിയിരിക്കുകയാണ്.



# പ്ലാസ്റ്റിക്കും കടലിനെ കാർന്നു തിന്നും ക്യാൻസറും

## ഉപന്യാസം

എബൈൻ ജോൺ തോമസ് 8B

മനുഷ്യന്റെ ഒരു കണ്ടുപിടിത്തം സമുദ്രത്തെ ക്യാൻസർ പോലെ നശിപ്പിക്കുന്നു. ആ കണ്ടുപിടിത്തമാണ് പ്ലാസ്റ്റിക്ക്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെയാണ് പ്ലാസ്റ്റിക്ക് മനുഷ്യ ജീവിതത്തിൽ കടന്നു വരുന്നത്. ഇന്ന് കടലിനേയും കരയേയും മലിനമാക്കുന്ന ഏറ്റവും വലിയ മാലിന്യമാണ് പ്ലാസ്റ്റിക്ക്. കരയെ പ്ലാസ്റ്റിക്ക് കൊണ്ട് മലിനമാക്കിയ മനുഷ്യൻ കടലിനേയും ഇതേ വസ്തു കൊണ്ട് മലിനമാക്കുന്നു. അതുകൊണ്ട് മനുഷ്യനെ ഭൂമിയുടെ ക്യാൻസർ എന്നു വിശേഷിപ്പിക്കുന്നു.



കടലിലെ മാലിന്യങ്ങളിൽ എൺപതു ശതമാനവും പ്ലാസ്റ്റിക്ക് വസ്തുക്കളാണ്. മൈലുകളോളം പ്ലാസ്റ്റിക്ക് വസ്തുക്കൾ അടിഞ്ഞ് പ്ലാസ്റ്റിക്ക് തുരുത്തുകൾ പോലും കടലിൽ സൃഷ്ടിക്കപ്പെടാറുണ്ട്. വലിയ പ്ലാസ്റ്റിക്ക് വസ്തുക്കളോടൊപ്പം മൈക്രോസ്കോപ്പിലൂടെ കാണുവാൻ കഴിയുന്ന പ്ലാസ്റ്റിക്ക് തരികൾ കാലക്രമേണ ഒത്തുകൂടി കൃത്രിമ പ്ലാസ്റ്റിക്ക് കല്ലുകൾ രൂപപ്പെടാറുണ്ട്. പ്ലാസ്റ്റിക്ക് പ്ലാസ്റ്റിഗ്ലോമെറേറ്റ് എന്നാണ് അറിയപ്പെടുന്നത്. ഇത്തരം പ്ലാസ്റ്റിക്ക് തുരുത്തുകൾ കടൽ ജീവികളുടെ ആവാസവ്യവസ്ഥയെ അപ്പാടെ തകിടം മറിക്കുന്നു.

കരയിലേക്കാൾ ഒട്ടേറെക്കാലം അഴുകാതെ കിടക്കാൻ പ്ലാസ്റ്റിക്കിനാകും. ഈ പ്ലാസ്റ്റിക്ക് മത്സ്യങ്ങളിലേക്കും മറ്റു ജീവികളിലേക്കും ചെന്നെത്തുന്നു. മത്സ്യങ്ങളെ ഭക്ഷിക്കുന്നതിലൂടെ ഇവ മനുഷ്യനിലേക്ക് എത്തുന്നു. അങ്ങനെ നമ്മൾ കടലിലേക്കെറിയുന്ന പ്ലാസ്റ്റിക്ക് നമ്മിലേക്ക് തന്നെ തിരിച്ചെത്തുന്നു. മനുഷ്യരിൽ തൈറോയ്ഡ് രോഗങ്ങൾക്ക് പ്ലാസ്റ്റിക്ക് കാരണമാകുന്നു. 'കടലിൽ കായം കലക്കിയ പോലെ' എന്നൊരു ചൊല്ല് മലയാളത്തിലുണ്ട്. പരന്നു കിടക്കുന്ന കടലിൽ ഒരു തുള്ളി കായം കലക്കിയാൽ പ്രത്യകിച്ചൊരു ഫലവും ഉണ്ടാകില്ലല്ലോ. എന്നാൽ ലോകത്തിലുള്ള 750 കോടി ജനങ്ങളും കടലിൽ വിഷം കലർത്തിയാൽ കടൽ വിഷമയമാകും. തീർച്ച. കടലുണ്ടെങ്കിലേ കരയും നിലനിൽക്കുകയുള്ളൂ. എന്ന സത്യം നാം തിരിച്ചറിയുക. കരയും കടലും പ്ലാസ്റ്റിക്ക് വിമുക്തമാക്കാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം.

# R.C.T.C




**യാത്ര വിവരണം**

**അതുൽ കൃഷ്ണ**

ഒക്ടോബർ 30-ാം തിയതി,അന്നാണ്എനിക്ക് NCC യുടെ ട്രക്കിംഗ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്.വൈകുന്നേരം നാലു മണിക്കായിരുന്നു ട്രെയിൻ.എന്റെ ക്യാമ്പ് മധ്യപ്രദേശിലെ ഗ്വാളിയർ എന്ന സ്ഥലത്തായിരുന്നു.എന്റെ സ്കൂളിൽ നിന്ന് ഞാൻ മാത്രമെ ഉണ്ടയിരുന്നുള്ളു.എറണാകുളം ജില്ലയിൽ നിന്ന് ആറുപേർ ആ ക്യാമ്പിലേക്ക് ഉണ്ട് എന്ന് അറിഞ്ഞപ്പോൾ എനിക്കു സന്തോഷമായി.കേരളത്തിൽ നിന്ന്28 NCC കുട്ടികൾ ആ ക്യാമ്പിലേക്കുണ്ട്.ഞങ്ങളുടെ ബെറ്റാലിയനിൽ നിന്നും രണ്ട് JD കേഡറ്റുകളും(ജൂനിയർ ഡിവിഷൻ) ഒരു SD കേഡറ്റും(സീനിയർഡിവിഷൻ)ഉണ്ടായിരുന്നു.വൈകാതെ എനിക്കൊരു കൂട്ടുകാരനെ കിട്ടി അവന്റെ പേര് അശ്വിൻ.ഞങ്ങളെ നോക്കുന്നത് SD സീനിയർ അർജ്ജുൻ ചേട്ടനായിരുന്നു. അമ്മയോടും ടിച്ചറിനോടും യാത്ര പറഞ്ഞ് ട്രെയിന്റെ ഉള്ളിൽ കയറി എന്റെ സീറ്റിൽ ഇരുന്നു.ട്രെയിൻ ഒടിതുടങ്ങി ഞാൻ സീറ്റിൽ അനങ്ങാതെ പുറത്തോട്ട് നോക്കിയിരുന്നു.



ട്രെയിന്റെ പുറത്തേക്ക് നോക്കുമ്പോൾ നിറയെ നെൽപ്പാടങ്ങളും പുഴകളും കാണാം. ഞാൻ എല്ലവരോടും കൂട്ടായി.മൂന്നു ദിവസം ട്രെയിന്റെ ഉള്ളിൽ കഴിഞ്ഞു.മൂന്നാമത്തെ ദിവസം ഗ്വാളിയോറിലെ സ്റ്റേഷനിൽ ഇറങ്ങി അവിടെ ഞങ്ങളെയും

കാത്ത് ഒരു ആർമി ട്രക്ക് ഉണ്ടായിരുന്നു അതിൽ കയറി ഞങ്ങൾ ക്യാമ്പിലേക്ക് പോയി.പിറ്റേദിവസം രാവിലെ നാലുമണിക്കാണ് ഫോളിൻ. അപ്പോൾ നല്ല തണുപ്പുണ്ടായിരുന്നു.ആദ്യത്തെ മൂന്നു ദിവസം PT ആയിരുന്നു അത് ഞങ്ങൾക്ക് വളരെ അധികം പാടായിരുന്നു അതു കഴിഞ്ഞ് ക്ലാസ്. എനിക്ക് വന്നപ്പോൾ തന്നെ ഗെയിറ്റ് ഡ്യൂട്ടികിട്ടി .അത് രാത്രി ഒരുമണിവരെ ആയിരുന്നു. മൂന്ന്ദിവസം കഴിഞ്ഞു നാലാമത്തെ ദിവസം മുതൽ ആറാമത്തെ ദിവസം വരെ ട്രക്കിങ് ആയിരുന്നു.ട്രക്കിങ് വളരെ ബദ്ധിമുട്ടായിരുന്നു.ആറാമത്തെ ദിവസം മുതൽ ഒൻപതാം ദിവസം വരെ ഞങ്ങൾക്ക് റോക്ക് ക്ലയിമ്പിങ്ങ് ട്രയിനിംങ് ആയിരുന്നു ഒരു വലിയ പാറ അതിലണ് ഞാൻ കയറിയത്. തഴേക്ക് ഇറങ്ങുമ്പോൾ കയറും മറ്റും തരും.



റോക്ക് ക്ലയിമ്പിംങ്ങിന്റെ അവസാന ദിവസം ഞങ്ങൾ അവിടുത്തു കോട്ടാരത്തിലെക്ക് പോയി അവിടെ 500 വർഷം മുൻപ് നിർമിച്ച ബുദ്ധന്റെ പ്രതിമയാണ് കുടുതലും. പത്താം ദിവസം ഞങ്ങൾ താജ്മഹൽ കാണാൻ പോയി. വളരെനേരം ക്യൂ നിന്ന ശേഷം അകത്തേക്ക് കടന്നു.നടുഭാഗത്തയാട്ടണ് ഷാജഹാന്റേയും മുംതാസിന്റേയും ശവകുടീരം 2 മണിക്കർ ഞങ്ങൾ താജ്മഹലിൽ ചെലവഴിച്ച ശേഷം പുറത്തിറങ്ങി.പിന്നെ ബസ്സിൽ കയറി ഗ്വാളിയറിലേക്കു പോന്നു.രാത്രി8 മണിക്ക് അവിടെ എത്തി.പിറ്റേദിവസം .ഞങ്ങൾക്ക് കൾച്ചർപ്രോഗ്രാമുണ്ടയിരുന്നു അന്ന് എന്റെ പിറന്നൾ അയിരുന്നു വൈകുന്നേരം അത് അഘോഷിച്ചു എന്റെ ഒപ്പം അവിടുത്തെ കേണലും അദ്ദെഹത്തിന്റെ ഭാര്യയും ഉണ്ടായിരുന്നു. 12–ാം തിയതി ഞങ്ങളുടെ ക്യാമ്പ് തീരുന്ന ദിവസമയിരുന്നു.ഞങ്ങൾ താമസിച്ചിരുന്ന ബാരക്കും പരിസരവും വൃത്തിയാക്കി പിന്നെ ബാഗ് പായക്ക് ചെയിതു അവിടെ നിന്നു ഒരു ആർമി ട്രക്കിൽ കയറി റെയിൽവെ സ്റ്റേഷനിലേക്ക് പോയി.4:10 ന് ഞങ്ങളുടെ ട്രെയിൻ വന്നു അതിൽ കയറി കേരളത്തിലേക്ക് യാത്ര തിരിച്ചു .

മൂന്ന് ദിവസം കഴിഞ്ഞ് ഞാനും എന്റെ കുട്ടുകാരൻ അശ്വിനും ആലുവ റെയിൽവേ സ്റ്റേഷനിൽ എത്തി ഞങ്ങൾ

അവിടെ ഇറങ്ങി. അവിടെ ഞങ്ങളുടെ മതാപിതാക്കൾ അവിടെ വന്നിരുന്നു ഞാൻ അശ്വിനോട് യാത്ര പറഞ്ഞ് എന്റെ അമ്മയുടെ കൂടെ സ്കൂളിലേക്ക് വന്നു.

എന്റെ ജിവിതത്തിലെ മറക്കാനാവാത്ത ഒരു യാത്രയായിരുന്നു ഇത് ഇതിന് അവസരം തന്ന എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഞാൻ അറിയിക്കട്ടെ.

IDUKKI KULAMAVU TRKKING CAMP STATE LEVAL.


VENKATESH .U

CHERTHALA NIC CAMP
(NATIONAL INTAGRATION CAMP)
STATE LEVAL


ROBIN ROY

RCC CAMP (ROCK CLIMBING CAMP)
GWALIYOR MADYA PREDESH.


ATHULKRISHNA ANISH






വൈവിധ്യമാർന്ന എത്രയോ തരം ജന്തുക്കളുടെയും സസ്യങ്ങളുടെയും വാസസ്ഥാനമാണ് ഭൂമി.ഒരു പ്രത്യേക പരിധിക്കുള്ളിലെ ആവാസവ്യവസ്ഥയിൽ കാണപ്പെടുന്ന വ്യത്യസ്തതരം ജീവരൂപങ്ങളെയാണ് ജൈവവൈവിധ്യം എന്നുവിളിക്കുന്നത്. 1985 ൽ വാൾട്ടർ ജി.റോസൻ ആണ് ആദ്യമായി ജൈവവൈവിധ്യം എന്ന പദം ഉപയോഗിച്ചത്. ജൈവവൈവിധ്യത്തിന്റെ വ്യത്യസ്ത തലങ്ങളാണ് ജനിതകവൈവിധ്യം [genetic diversity], ജീവജാതി വൈവിധ്യം [species diversity], ആവാസവ്യവസ്ഥാവൈവിധ്യം [ecosystem diversity], സാംസ്കാരികവൈവിധ്യം [cultural diversity], സൂക്ഷ്മാണുവൈവിധ്യം [micro diversity] എന്നിവ. പാലക്കാടുജില്ലയിലെ സൈലന്റ്-വാലി അപൂർവ ഇനം ജിവജാലങ്ങളുടെ ജൈവവൈവിധ്യത്തിന് പേരുകേട്ട

സ്ഥലമാണ്. നമ്മുടെ മുറ്റത്ത് നാം നട്ടുവളർത്താതെ നമ്മുടെ കണ്ണും കൈയ്യും വെട്ടിച്ച് വളരുന്നതെല്ലാം, വഴിവക്കിലും വേലികളിലും താനേവളരുന്നതും, മനോഹരമായ ജൈവവൈവിധ്യത്തിന് ഉദാഹരണമാണ്. ചെറു സസ്യങ്ങളിൽ തേനുണ്ണാനും മുട്ടയിടാനും വരുന്ന പൂമ്പാറ്റകളും, കെട്ടിക്കിടക്കുന്ന മഴവെള്ളത്തിൽ മുട്ടയിട്ടു പറക്കുന്ന തുമ്പികളും ജൈവവൈവിധ്യമാണ്. നമ്മൾ മനുഷ്യർ കൂടിയുൾപ്പെട്ട ജീവസ്സറ്റ ജീവസമൂഹമാണ് ജൈവവൈവിധ്യം എന്ന വിശേഷിപ്പിക്കപ്പെടുന്നത്. ആവാസവ്യവസ്ഥയുടെ നാശം, വിഭവങ്ങളുടെ അമിത ചൂഷണം, അന്യദേശജീനസ്സുകളുടെ അധിനിവേശം, മലിനീകരണം, ആഗോളതാപനം, കാലവസ്ഥാവ്യതിയാനം തുടങ്ങിയവ ജൈവവൈവിധ്യത്തിന് നിരന്തരം ഭീഷണി ഉയർത്തി കൊണ്ടിരിക്കുന്ന ഘടകങ്ങളാണ്.

## ജൈവവൈവിധ്യത്തെ എങ്ങനെയെല്ലാം സംരക്ഷിക്കാം ?

ജൈവവൈവിധ്യ സംരക്ഷണത്തിന് 'ഹരിത കേരളം മിഷനോടൊ'ന്നിച്ചു നിന്നു പ്രവർത്തിക്കാം..

1, ജൈവവേലി നിർമിച്ച് ജൈവവൈവിധ്യ ഉദ്യാനത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാം.

2, ജൈവവൈവിധ്യ ഉദ്യാനത്തിൽ പൂച്ചെടികൾ കൂടി നട്ടു പിടിപ്പിച്ച് ശലഭോദ്യാനമാക്കി മാറ്റാം.

ജൈവവൈവിധ്യ ഉദ്യാനത്തിലെ ചെടികൾക്ക് പേരു നൽകാം........

3, സ്കൂൾ മുറ്റത്തെ ഒരിത്തിരി ഇടം കാടു കയറാൻ അനുവദിക്കാം.

അതുവഴി അനേകം ജീവികൾക്ക് വാസസ്ഥലം ഒരുക്കാം

4,വംശനാശ ഭീഷണി നേരിടുന്ന അപൂർവ ഇനം സസ്യങ്ങളെക്കൂടി കണ്ടെത്തി സ്കൂൾ മുറ്റത്ത് നട്ടു പിടിപ്പിക്കാം.

5, മണ്ണിൽ വേരുറപ്പിച്ച് ആകാശത്തേക്ക് കൈകൾ നീട്ടി നിൽക്കുന്ന മരങ്ങളെ അടുത്തറിയാൻ ശ്രമിക്കാം.

6, മരങ്ങളെ ആശ്രയിച്ച ജീവിക്കുന്ന ജീവജാലങ്ങളെ സംരക്ഷിക്കാം.

പ്രകൃതിയോടിണങ്ങി, പ്രകൃതിയെ സ്നേഹിക്കുന്ന ഒരു പറ്റം വിദ്യർത്ഥി സമൂഹം നമുക്ക് കൈമുതലാവട്ടെ പ്രകൃതിയുടെ കോപം ഇനിയും ഏറ്റുവാങ്ങാനിടയാകാതെ, പ്രകൃതിയെ നോവിക്കാതെ നമുക്ക് ജിവിക്കാം. മരങ്ങൾ നട്ടും, മഴവെള്ളത്തെ കുടിവെള്ളമാക്കിയും,ദാഹനീരില്ലാതെ വലയുന്ന പക്ഷികൾക്കും,ചെറുജീവികൾക്കും വെള്ളം നൽകിയും,പ്രകൃതിയിലെ ഒരോ ജീവിയുടെയും പ്രാധാന്യം തിരിച്ചറിഞ്ഞും, നമ്മുടെ കുട്ടികൾക്ക് വളരാനാകട്ടെ. അതുവഴി ജൈവവൈവിധ്യത്തെ സംരക്ഷിക്കാം......അതിന് ജഗദീശ്വരൻ സഹായിക്കട്ടെ..

## ആശ്രമം സ്കൂളിലെ ചില സസ്യ സമ്പത്തുകൾ

| Common Name | Botanicai Name | Family |
|---|---|---|
| 1 രാമച്ചം | Chrysopgon zizanoides | Poaceae |
| 2 പേര | Psidium guajava | Myrtaceae |
| 3 അരണമരം | Polyaithia longifolia | Annonaceae |
| 4 മുല്ല | Jasminum sambac | Oleaceae |
| 5 പേരാൽ | Ficus benghalensis | Moraceae |
| 6 അരയാൽ | Ficus religiosa | Moraceae |
| 7 കമ്മൽച്ചെടി | Sphagneticola trilobata | Compositae |

| | | |
|---|---|---|
| 8 മാവ് | Mangifera indica | Anacardiaceae |
| 9 കണിക്കൊന്ന | Cassia fistula | Legminosae |
| 10 ഇലഞ്ഞി | Mimusops elengi | Sapotaceae |
| 11 നെല്ലി | Phyllanthus emblica | Phyllanthaceae |
| 12 ലക്ഷമിതരു | Simarouba glauca | Simaroubaceae |
| 13 കൂവളം | Aegle marmelos | Rutaceae |
| 14 ചരകൊന്ന | Peltophorum pterocarpum | Leguminosae |
| 15 ആര്യവേപ്പ് | Azadirachta indica | Meliaceae |
| 16 ആടലോടകം | Adhatoda  vascica | Acanthaceae |



# പ്രളയക്കെടുതിയുടെ കണ്ണീരോർമകൾ



അപർണ ശിവൻ -10B


## ഓർമ്മക്കുറിപ്പ്

ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ തന്നെ കേരളത്തെ പ്രളയം പിടിച്ചുകുലുകിയിരുന്നു.ഇതാ വീണ്ടും ആ ഒരോ മുറിവുകളെയും ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരു പ്രളയം കൂടി.

മലയാളികളെ ഒന്നടക്കം ഭീതിയിലാഴ്ത്തിയ പ്രളയക്കെടുതി എന്റെ കുടുംബത്തെയും പിടിച്ചുകുലുക്കി. ഓരോ രാത്രിയും ഉഗ്രരൂപിണിയായി വെള്ളമെത്തു മെന്ന ഭീതിയിൽ വാതിൽപ്പൂട്ടി വീട്ടിലിരുന്നു. മാധ്യമങ്ങളിൽ അതീവജാഗ്രത പ്രദേശങ്ങളിൽ ഞങ്ങളുടെ താമസസ്ഥലവും പറഞ്ഞിരുന്നു. പാത്തിപ്പാലം ചന്തയും നിറഞ്ഞു. അതറിഞ്ഞതോടെ എന്റെ മനം വിറകൊണ്ടു. ഇന്ന് വീട് മുങ്ങുമെന്നുറച്ച് സാധ നങ്ങളെല്ലാം തട്ടിൽകയറ്റിവച്ചു .അപ്പോഴാണ്



പലപ്രാവശ്യം വിളിക്കാൻ ശ്രമിച്ചിരുന്ന അമ്മായിയെ ഫോണിൽ കിട്ടിയത്.വീട് തകർന്ന് അവർ ക്യാമ്പിലായിരുന്നു.അതുപോലെ കുറെ കോളുകൾ ഫോണിൽ നിരന്തരം വന്നു .വിളിച്ചവരെല്ലാം



ക്യാംമ്പിലായിരുന്നു. ഭയാനകരമായ രാത്രികളിൽ ഉറക്കം നടിച്ച് കിടന്നു. ഒരു ചെറുശബ്ദം പോലും കേട്ടപ്പോൾ ഞാൻ അമ്പരുന്നു. എങ്ങനെയോ ഈ പ്രതിസന്ധികൾ തരണം ചെയ്തു. ഐക്യത്തോടെ;ഭിന്നതകൾ മറന്ന് ജനങ്ങൾ പ്രവർത്തിച്ചു. ഞാൻ വിശ്വസിക്കുന്നത് പ്രകൃതിയോടുള്ള ദ്രോഹങ്ങളാണ് കയ്യുന്ന ഈ പ്രളയകെടുതികൾ.

സിനിമാ നിരൂപണം.

# കായംകുളം കൊച്ചുണ്ണി സിനിമയും അൽപം ചരിത്രവും.



ഫത്താഹുദ്ദീൻ(9c)

റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത ചിത്രമാണ് കായംകുളം കൊച്ചുണ്ണി.




മലയാളികളുടെ മനസ്സിലെ വീരപുരുഷൻ തന്നെയാണ് കള്ളനാണെങ്കിലും ഈ കായംകുളം കൊച്ചുണ്ണി.

അതുകൊണ്ട് തന്നെ വളരെ പ്രതീക്ഷയോടെയാണ് എല്ലാവരും ഈ സിനിമക്കായി കാത്തിരുന്നത്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഈ സിനിമ നിലവാരം പുലർത്തിയോ എന്നതിൽ സംശയമുണ്ട്. കഥ ചരിത്രമാകുമ്പോൾ സംവിധായകനും കലാകാരനും പുലർത്തേണ്ട ജാഗ്രത ഇതിൽ എത്രത്തോളമുണ്ട് എന്ന് ചിന്തിക്കേണ്ടതുണ്ട്. ഛായാഗ്രഹണവും പശ്ചാത്തല സംഗീതവും വളരെ മികവുറ്റതായി തന്നെ ചിത്രീകരിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ചരിത്രത്തോട്അത്രമാത്രം നീതി പുലർത്തിയോ. കൊച്ചുണ്ണിയുടെ ബാല്യത്തിൽ നിന്നാണ് കഥ ആരംഭിക്കുന്നത് . തിൻമയെ എതിർക്കുന്ന കൊച്ചുണ്ണി വലിയ കള്ളൻ ആയി മാറുന്ന കഥ. നിവിൻ പോളിക്ക് കൊച്ചുണ്ണിയുടെ കഥാപാത്രത്തെ തരക്കേടില്ലാതെ അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട് .20 മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഇത്തിക്കര പക്കിയെ അവതരിപ്പിക്കുന്നത് മോഹൻലാലാണ്.സിനിമയുടെ ക്ലൈമാക്സ് അൽപം കടന്നുപോയി എന്ന് പറയേണ്ടിയിരിക്കുന്നു .ചരിത്രവും അധികം വാണിജ്യവും തന്നെയാണ് സംവിധായക ലക്ഷ്യം എന്നതിന് സംശയമില്ല. തിരക്കഥ എഴുതിയത് ബോബിയും സഞ്ജയും ചേർന്നാണ് .കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽവരച്ചുകാട്ടിയ കായംകുളം കൊച്ചുണ്ണിയെഇനിയും നമ്മൾ കാത്തിരിക്കണം എന്ന് തോന്നുന്നു.



# എടക്കൽ എന്ന മഹാത് ഭുതം

## യാത്രാവിവരണം

നന്ദന ഒ.സി-9.C

കേരള സംസ്ഥാനത്തിലെ വടക്ക കിഴക്ക് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് വയനാട്. സുഗന്ധ വ്യഞ്ജനങ്ങളും,വയലുകളും, വന്യമൃഗജാലങ്ങളു മുള്ള പ്രദേശം. കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ അടർത്തിയെടുത്ത ഭാഗമാണ് വയനാട്ടിലെ മിക്ക പ്രദേശങ്ങളും. 2132 ചതുരശ്ര വിസ്തൃതിയാണ് വയനാട്ടിന് .1980 നവംബർ 1 ആയിരുന്നു ജില്ലയുടെ രൂപീകരണം. വയനാട് എന്ന പേരിനു പിന്നിൽ പല അഭിപ്രായങ്ങളും നിലനിൽക്കുന്നുണ്ട്.



ഈ വയനാട്ടിലെ പ്രസിദ്ധമായ എടക്കൽ ഗുഹയിലാണ് ഞങ്ങൾ പോയത് .സുൽത്താൻ ബത്തേരിയിൽ നിന്നും ഏകദേശം 12km തെക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്നതാണ് അമ്പുതിയിലെ എടക്കൽ ഗുഹ.




മുതിർന്നവർക്ക് 20 രൂപയും കുട്ടികൾക്ക് 10 രൂപയും സ്റ്റിൽ ക്യാമറയ്ക്ക് 30 രൂപയും വിഡിയോ ക്യാമറയ്ക്ക് 150 രൂപയുമാണ് ടിക്കറ്റ് നിരക്ക്. രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി  വരെയാണ് പ്രവേശനം.

അമ്പൃതിമല എന്ന പേരിനുമുണ്ട് ഒരു ഐതിഹ്യം .രാമായണ കഥയിൽ ശ്രീരാമൻ താടകയെ അമ്പ് എയ്തു കൊന്നു എന്നറിയപ്പെടുന്ന സ്ഥലം. ദൂരെ കാഴ്ചയിൽ ഒരു സ്ത്രീ കിടക്കുന്നതു പോലെയാണ് ഈ മലയുടെ ഘടന. ഗുഹയിലേക്ക് എത്താൻ 330 പടികൾ ഉണ്ട്. ഇത് കണ്ടപ്പോൾഞാൻ  അമ്പരന്നുപോയി. ആകെ 2 ഗുഹകൾ ഇവിടെ ഉണ്ട്. ആദ്യത്തെ ഗുഹയിൽ ഒന്നും തന്നെയില്ല. രണ്ടാമത്തെഗുഹയിൽ ശിലാലിഖിതങ്ങളും ഗുഹാചിത്രങ്ങളും കാണാം. ഇവിടെ പശ്ചിമഘട്ടത്തിലെ ഒരു മലയാണ്അമ്പൃതിമല . പാറക്കെട്ടുകൾക്കിടയിൽ കുടെ പോകുമ്പോൾ പാറകളിൽ തട്ടിവരുന്ന കുടിവെള്ളം ഇവിടെ കിട്ടും .അങ്ങനെ 330 പടികൾ കയറി രണ്ടാമത്തെ ഗുഹയുടെ വാതിൽക്കൽ എത്തി. അങ്ങനെ 4000 അടി ഉയരത്തിലെത്തി. ലോക ചൈതൃക പട്ടികയിലെ പരിഗണനയിലുള്ളതാണ് എടക്കൽ ഗുഹ.
ഇവിടെയാണ് ശിലാലിഖിതങ്ങളും ഗുഹാചിത്രങ്ങളും കണ്ടെത്തിയത്.

96 ആടി നീളവും 22 ആടി വീതിയും ഉള്ള കൽപ്പടവിലാണ് ഭീമാകരമായ പാറ വിണത്. എന്നാൽ ഒരു വശത്തു നിന്ന് നല്ല വെളിച്ചം ലഭിക്കുന്നു.ഗുഹയുടെ ഇരുവശങ്ങളിലായി 500 അടി വിസ്തൃതമായ കൊത്തുപണികൾ ഇവിടെ വ്യാപിച്ച കിടക്കുന്നുണ്ട്. ഇടയിലൊരു കല്ല് വന്ന് പതിച്ച കിടക്കുന്നു.അങ്ങനെയാണ് എടയ്ക്കൽ എന്ന പേരുവന്നത്. ഏകദേശം 8000 വർഷം പഴക്കം ഉണ്ടെന്നാണ് പറയുന്നത്. ചരിത്രകാരൻമാരുടെ നിഗമനത്തിൽ ബി.സി 400 നും 600 നും ഇടയ്ക്ക് നവീനശിലായുഗത്തിലെ ആവാസകേന്ദ്രമായിരുന്നു എടയ്ക്കൽ.





**വര- രാമചന്ദ്രൻ 10B**

# മുല്ലപ്പൂമണമുള്ള പുരസ്കാരം




***ബിൻസിമോൾ പുന്നൂസ്***

## ജെസിബി സാഹിത്യ പുരസ്കാരം ബെന്യാമിന്



ഇന്ത്യയിലെ ഏറ്റവും ഉയർന്ന സമ്മാനത്തുക(25 ലക്ഷം രൂപ)ഉള്ള ജെസിബിസാഹിത്യപുരസ്കാരം ബെന്യാമിന്. അൽ അറേബ്യൻ നോവൽ ഫാക്ടറി,മുല്ലപ്പൂനിറമുള്ള പകലുകൾ എന്നിവ ഉൾപ്പെട്ടനോവൽ ദ്വയത്തിലെ മുല്ലപ്പൂനിറള്ള പകലുകളുടെ ഇംഗ്ലീഷ് പരിഭാഷയായ ജാസ്മിൻ ഡേയ്സിന് ആണ പുരസ്കാരം.

ബെന്യാമിന്റെ പുസ്തകങ്ങൾ എല്ലാം തന്നെ വളരെ ആർത്തിയോടെയാണ് വായിക്കാറ്. കാരണം അത് ജീവിച്ചിരിക്കുന്നവരുടെ തീഷ്ണമായ അനുഭവങ്ങൾ തന്നെ ആകാം. അല്ലെങ്കിൽ താൻ അനുഭവിച്ച




പ്രവാസജീവിതത്തിന്റെ മറ്റുള്ളവർ കാണാത്ത അനുഭവപാഠങ്ങൾ ആകാം. എന്തായാലും അദ്ദേഹത്തിന്റെ ഇരട്ട നോവലുകൾ തുറന്നപ്പോൾ തന്നെ കൈകളിൽ എടുക്കാനും മുത്തം കൊടുത്ത് ആസ്വദിക്കാനും സാധിച്ചു. കാഴ്ചക്കാരെ പിടിച്ചിരുത്തുന്ന മാന്ത്രികമായ നിഷ്കളങ്കതയും വശ്യമായ പുഞ്ചിരിയും ഈ ഇരട്ടക്കുട്ടികളിൽ ആവശ്യത്തിലേറെ ഉണ്ടായിരുന്നു.അൽ അറേബ്യൻ നോവൽ ഫാക്ടറി വായിക്കുന്ന ഏതൊരാൾക്കും മുല്ലപ്പൂ നിറമുള്ള പകലുകൾ വായിക്കാതിരിക്കാൻ സാധിക്കില്ല. അവ വെറും ഇരട്ടകളല്ല സയാമീസ് ഇരട്ടകൾ തന്നെ ആണ്. ഒരു നോവലിസ്റ്റിന്റെ രണ്ട് നോവലുകൾ ഒരേസമയം പുറത്തിറങ്ങുകയും ഒന്ന് മറ്റൊന്നിനോട് കോർത്തിണക്കി ആയിരിക്കുകയും ചെയ്യുക എന്ന രചനാ വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുകയാണ് ബെന്യമിൻ .ഇരട്ട നോവലുകളിലെ അൽ അറേബ്യൻ നോവൽ ഫാക്ടറി ബെന്യാമിന്റെ പൂർണ സൃഷ്ടിയാണെങ്കിൽ മുല്ലപ്പൂ നിറമുള്ള പകലുകൾ പകർത്തിയെഴുത്താണ്. സമീറ എന്ന പാകിസ്ഥാനി റേഡിയോ ജോക്കിയുടെ തുറന്ന ജീവിത പോരാട്ടമാണ്.

അറേബ്യൻ രാഷ്ട്രീയത്തിന്റെ ചങ്കു പൊള്ളിക്കുന്ന സത്യങ്ങൾ പകർത്തി ചരിത്രത്തെ നോവലിനോട് ബന്ധിപ്പിക്കുകയാണ് ഈ മുൻകാല പ്രവാസിയായ നോവലിസ്റ്റ് .എത്ര ലളിതമായാണ് അറേബ്യൻ രാഷ്ട്രീയത്തെക്കുറിച്ച് അദ്ദേഹം പ്രസ്താവിക്കുന്നത് .എന്നും നീതിയുടെ പക്ഷത്തു മാത്രം നിൽക്കുന്ന സമീറ വിപ്ലവ കാലഘട്ടത്തിലാണ് റേഡിയോ ജോക്കിയായി ജോലി ചെയ്തിരുന്നത്. എന്നാൽ അവസാനം അവൾക്ക് എന്തുപറ്റി എന്ന ചോദ്യത്തിന് മുൻപിൽ ആണ് സുഗന്ധമില്ലാത്ത വസന്തം എന്ന സമീറയുടെ നിരോധിച്ച നോവൽ പരിഭാഷയിലൂടെ മുല്ലപ്പൂ നിറമുള്ള പകലുകൾ പിറക്കുന്നത്.

അടിമത്തത്തിൽനിന്ന് മോചനം ആഗ്രഹിച്ച ഒരു വിഭാഗം ജനങ്ങളുടെ സമരങ്ങളുടെ അടിച്ചമർത്തലുകൾ ആയി മാറുകയായിരുന്നു മുല്ലപ്പൂ വിപ്ലവം. അറേബ്യൻ രാജ്യങ്ങളെ ഇളക്കിമറിച്ച മുല്ലപ്പൂ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ രണ്ട് നോവലുകളാണ് മുല്ലപ്പൂ നിറമുള്ള പകലുകൾ അൽ അറേബ്യൻ നോവൽ ഫാക്ടറി. അൽ അറേബ്യൻ നോവൽ ഫാക്ടറി എന്ന നോവലിൽ നിരോധിക്കപ്പെട്ട നോവൽ എന്ന നിലയ്ക്കാണ് മുല്ലപ്പൂ നിറമുള്ള പകലുകൾ എന്ന നോവൽ പ്രത്യക്ഷപ്പെടുന്നത്. പാകിസ്താനി പെൺകുട്ടിയുടെ ജീവിതത്തിലൂടെ വികസിക്കുന്ന നോവലാണിത്. ഈ നോവൽ ചരിത്രം അന്വേഷിച്ചുകൊണ്ടാണ് അൽ അറേബ്യൻ നോവൽ ഫാക്ടറി പ്രമേയം വളരുന്നത്.മനുഷ്യന്റെ പ്രശ്നങ്ങൾക്കു വേണ്ടിനിലകൊള്ളുന്ന അലി എന്ന ചെറുപ്പക്കാരനും ഇതിലെ പ്രധാന കഥാപാത്രമാണ് .യാതൊരു രാഷ്ട്രീയവും വെച്ചുപുലർത്താത്ത ഒരു പ്രത്യയശാസ്ത്രത്തിനും പിൻഗാമി ആകാത്ത ,ഒരു മതവും ആവേശപ്പെടുത്താത്ത അലി നടത്തുന്ന വിപ്ലവങ്ങളും അടിച്ചമർത്തലുകളും അറേബ്യൻ രാഷ്ട്രീയ സ്വേച്ഛാധിപത്യത്തെയും മതാധിപത്യത്തെയും തുറന്നുകാട്ടുകയാണ്.

# സൂപ്പർമൂൺ സൂപ്പറാ

അന്ന വർഗ്ഗീസ്





സാധാരണയിൽ കവിഞ്ഞ് വലിപ്പമുള്ള സൂപ്പർമൂൺ. ചുട്ടുപഴുത്ത ചെമ്പടയുടെയും ,കട്ടപിടിച്ച രക്തത്തിന്റെയും നിറച്ചാർത്തണിഞ്ഞ ബ്ലൂമൂൺ. ഒരു മണിക്കൂറും 16 മിനിറ്റും നീളുന്ന പൂർണ്ണ ചന്ദ്രഗ്രഹണം എല്ലാ മാസ്മരികതയും ആവാഹിച്ച് ഒരുക്കിയ ദിനമായിരുന്ന ജനവരി 31, 2018.ഇന്ത്യൻ

സമയം വൈകിട്ട് 5 :18 ന് ആരംഭിച്ച ചന്ദ്രഗ്രഹണം രാത്രി 8 :41 ന് പൂർത്തിയായി. ഇനി ഇങ്ങനെയൊരു ആകാശവിസ്മയം ഒരുപക്ഷേ ഈ തലമുറയ്ക്ക് കാണാൻ ആയെന്നു വരില്ല. അമേരിക്കയിൽ 152 വർഷങ്ങൾക്കുമുൻപാണ് സമാന പ്രതിഭാസം അരങ്ങേറിയത്.ഏഷ്യയിൽ ഇതിനുമുൻപ് 1982 ഡിസംബർ 30 നും. സൂപ്പർ മൂൺ ബ്ലൂ മൂൺ പ്രതിഭാസങ്ങളും പൂർണ്ണ ചന്ദ്രഗ്രഹണവും ഒരേ മണിക്കൂറിൽ ദൃശ്യമാകുന്നു എന്നതാണ് ഈ പ്രതിഭാസത്തിന്റെ പ്രത്യേകത. ഈ പ്രതിഭാസത്തിന് ഇനി പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവരും.

**ഐതിഹ്യം**

രാഹു കേതുക്കളാൽ ചന്ദ്രൻ ഗ്രസിക്കപ്പെട്ടാണു ചന്ദ്രഗ്രഹണം സംഭവിക്കുന്നതെന്നാണ് പുരാണത്തിൽ പറയുന്നത്. ഇതിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട് പാലാഴിമഥനത്തിനുശേഷം ദേവന്മാർക്ക് രഹസ്യമായി അമൃത് വിളമ്പുവാൻ തുടങ്ങിയ സമയം സിംഹിക എന്ന അസുരൻ വേഷപ്രച്ഛന്നനായി അവർക്കിടയിൽ ഇരുന്നു. ദ്വാരപാലകനായ സൂര്യചന്ദ്രന്മാർ അസുരനെ കണ്ടെത്തി മഹാവിഷ്ണുവിനെ വിവരം ധരിപ്പിച്ചു . ഉടൻ ഭഗവാന്റെ സുദർശനചക്രം അസുരന്റെ തലയറുത്തു എങ്കിലും അല്പം അമൃത് ഭക്ഷിച്ചിരുന്നതിനാൽ ശരീരം രണ്ടായി വേർപെട്ടു, മരിച്ചില്ല പിന്നീട് ഒരു ഭാഗം രാഹു എന്നും ഉടൽ ഭാഗം കേതുവെന്നും അറിയപ്പെട്ടു. തന്റെ ഭാഗ്യം ഇല്ലാതാക്കിയ സൂര്യചന്ദ്രന്മാരെ അവസരം കിട്ടുമ്പോഴെല്ലാം വിഴുങ്ങാൻ രാഹുകേതുക്കൾ ശ്രമിക്കും .എന്നാൽ മുറിഞ്ഞ കഴുത്തിലൂടെ സൂര്യചന്ദ്രന്മാർ

രക്ഷപ്പെടുകയും ചെയ്യും. ഇതാണ് ഗ്രഹണത്തെ കുറിച്ചുള്ള കഥ.

**<u>കൊളംബസിനെ തുണച്ച ഗ്രഹണം</u>**

ക്രിസ്റ്റഫർ കൊളംബസ് ഇന്ത്യ കണ്ടെത്താൻ നടത്തിയ യാത്രയിൽ കപ്പൽ അപകടത്തിൽ പെട്ടു



ജമൈക്ക തീരത്ത് അടുത്തു .ആറുമാസത്തോളം കൊളംബസും സംഘവും അവിടെ കഴിയേണ്ടി വന്നു. ഗോത്രവർഗ്ഗക്കാർ ആണ് ഭക്ഷണം നൽകിയിരുന്നത്. കുറേ കഴിഞ്ഞപ്പോൾ അവർക്ക് മടുത്തു ഭക്ഷണം കൊടുക്കുന്നത് നിർത്തി .ഗ്രഹണ ദിവസം മനസ്സിലാക്കിയ കൊളംബസ് അവരെ വിളിച്ച് ഭക്ഷണം നൽകിയില്ലെങ്കിൽ ദൈവ കോപമുണ്ടാകുമെന്നും ആദ്യ ലക്ഷണമായി ചന്ദ്രൻ അപ്രത്യക്ഷമാവും എന്ന് പറഞ്ഞു.അന്ന് ചന്ദ്രൻ പൂർണ്ണമായും മാഞ്ഞതോടെ പേടിച്ച അവർ ഭക്ഷണം നൽകാൻ തുടങ്ങി.

# ബ്ലെൻഡറിലെ അദ്ഭുത ലോകം

അലൻ സാബു





സംസ്ഥാന സിലബസിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ഐസിടി ക്ലബ്ബായ ലിറ്റർ കൈറ്റ്സ് അംഗങ്ങളിൽ ഒരു വലിയ വിഭാഗം ത്രിമാന ആനിമേഷൻ അൽഭുത ലോകത്തേക്കാണ് പിച്ചവെച്ചത്. ഒഴിവുദിനങ്ങളിൽ നടത്തപ്പെട്ട പ്രത്യേക പരിശീലനത്തിൽ മുൻകാലങ്ങളിൽ പരിചയപ്പെട്ടിരുന്ന ആനിമേഷൻ സോഫ്റ്റ്‌വെയറുകളിൽ നിന്നും ഒരുപടി കൂടി കടന്ന് ബ്ലെൻഡറ് എന്ന സോഫ്റ്റ്‌വെയറാണ് കുട്ടികളിൽ

നക്ഷത്രത്തിളക്കം ഉണ്ടാക്കിയത്. സ്കൂളുകളിൽ പുതുതായി സർക്കാർ സൗജന്യമായി നൽകുന്ന ഉയർന്ന ശേഷിയും റാമും ഉള്ള കമ്പ്യൂട്ടറുകളാണ് ഇത്തരം സോഫ്റ്റ്‌വെയറുകളുടെ പരിശീലനം സാധ്യമാക്കുന്നത്. സോഫ്റ്റ്‌വെയറിനെക്കുറിച്ച് നമുക്ക് ചില അധിക വിവരങ്ങൾ മനസിലാക്കാം .ത്രിമാന ഗ്രാഫിക്സ് കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു സോഫ്റ്റ്‌വെയറാണ് ബ്ലെൻഡർ. മോഡലിംഗ് ,യുവി മാപ്പിംഗ് ,സിമുലേഷൻ, കളറിംഗ് എഡിറ്റിംഗ് തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത്. ജിപിഎൽ അനുമതിയോടെ സ്വതന്ത്രസോഫ്റ്റ്‌വെയർ ആയി പുറത്തിറങ്ങിയിരിക്കുന്ന ഇത് വിൻഡോസ് ,മാക് ഓഎസ് തുടങ്ങിയ ഓപ്പറേറ്റിങ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കാൻ ശേഷിയുള്ളതാണ്. എലിഫൻറ് ഡ്രീംഎന്ന സ്വതന്ത്ര സിനിമ ഇതിൽ നിർമ്മിച്ചതാണ്.  2010 അർജന്റീനയിൽ നിർമ്മിക്കപ്പെട്ട ഏറെ ശ്രദ്ധപിടിച്ചുപറ്റിയ റോസ് എന്ന കോമഡി സാഹസിക സിനിമ പൂർണമായും ഇത് ഉപയോഗിച്ച് നിർമിച്ചതാണ്.

**ചരിത്രം**

ഡച്ച് ആനിമേഷൻ സ്റ്റുഡിയോ ആയ നിയോജിയോ,നാൻ എന്നിവരുടെ ആവശ്യങ്ങൾക്കായാണ് ബ്ലണ്ടർ ആദ്യമായി നിർമ്മിച്ചത്. ബേബി എന്ന ആൽബത്തിൽ നിന്നുമാണ് ഈ പേര് സ്വീകരിച്ചത് എന്നാണ് പറയപ്പെടുന്നത്. ആദ്യമായി പുറത്തിറങ്ങിയ ഈ സോഫ്റ്റ്‌വെയർ പിന്നീട്ബ്ലെൻഡർ ഫൗണ്ടേഷൻ വാങ്ങുകയായിരുന്നു. പിന്നീട് പൊതുജനങ്ങളിൽനിന്ന് സംഭാവനകൾ സ്വീകരിച്ചു തുടങ്ങിയ സംരംഭം 2002

സെപ്റ്റംബർ ഏഴിന് സോഴ്സ് കോഡ് പൊതുജനത്തിന് പ്രാപ്യമാകുന്ന രീതിയിൽ പുറത്തിറക്കി .ഇന്ന് ബ്ലെൻഡർ ഫൗണ്ടേഷനാണ് ഇതിന് വികസനം ചെയ്തുകൊണ്ടിരിക്കുന്നത്. വിൻഡോസിലും മാക് ഒഎസിലും ഒക്കെ പ്രവർത്തിക്കാൻ ഉതകുന്ന ബ്ലണ്ടർ സോഫ്റ്റ്‌വെയർ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത് സ്വതന്ത്രമായി ഉപയോഗിക്കാം .ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ആപ്ലിക്കേഷൻ ഗ്രാഫിക്സ് എന്ന ക്രമത്തിൽ തുറന്ന് പ്രവർത്തനങ്ങൾ ചെയ്യാം. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആകാതെ പോയ കുട്ടികൾക്കും ഈ പരിശീലനം നേടിയ എടുക്കാവുന്നതേയുള്ളൂ.





# ഇൻററ്‍നെറ്റ് ഉപയോഗം നല്ലതോ... ദോഷമോ...



സിയോ സാബു

ഉപന്യാസം


ഇപ്പോഴത്തെ തലമുറയിൽ ലോകം മുഴുവൻ ഇൻററ്‍നെറ്റിനെ ആശ്രയിച്ചാണ് പല കാര്യങ്ങളും ചെയ്യുന്നത്. ഈ കാലത്ത് ഇൻററ്‍നെറ്റ് ഉപയോഗിക്കാത്തതായാരും ഉണ്ടാവില്ല ഈ ലോകത്ത്. ഇൻററ്‍നെറ്റിൽ മനുഷ്യനുപകാരമായ പല കാര്യങ്ങളുമുണ്ട്. ഇൻററ്‍നെറ്റ് ഷോപ്പിങ്, വാട്സ് ആപ്പ്, ഫെയ്സ്ബുക്ക്, യൂറ്റ്യൂബ് etc. അങ്ങനെ ഇതിലും അധികം കാര്യങ്ങളും ഉണ്ട്. പക്ഷേ ചിലർ ഇൻററ്‍നെറ്റ് ദുരുപയോഗവും ചെയ്യാറുണ്ട്. ഇപ്പം എല്ലാവരും ഇൻററ്‍നെറ്റ് ഉപയോഗിക്കാതെ ജീവിക്കാൻ പറ്റാതെയായി. ഇൻററ്‍നെറ്റ് ഇപ്പോൾ ഒരു ലഹരിയായി മാറി. ഇന്ന് എല്ലാവരും സ്മാർട്ട്ഫോണിലാണ് ഇൻററ്‍നെറ്റ് ഉപയോഗിക്കുന്നത്. ഇന്നത്തെ ലോകത്ത് അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ മുതൽ ഇപ്പോൾ എല്ലാവരുടെയും കയ്യിൽ സ്മാർട്ട്ഫോൺ ഉണ്ടാകും.

ഈ അടുത്തായി ഇൻററ്‍നെറ്റിലൂടെ പ്രചരിച്ച ഒരു കളിയുടെ കാര്യം "ബ്ലൂവെയിൽ"

എന്നാണ്. അത് ഒരു മരണക്കളിയാണ്.

ആ ഗെയിമിൽ നിന്ന് നമ്മുടെ മൊബൈൽ ഫോൺ മുഴുവൻ ഹാക്ക് ആകും. ആ മരണക്കളിയായ "ബ്ലൂവെയിൽ" ഗെയിം ഡൗൺലോഡ് ആകുന്നത് ഇൻററർനെറ്റ് വഴിയാണ്. ഇത്തരത്തിലുള്ള ഇൻററർനെറ്റിന്റെ ഒക്കെ ഉപയോഗം നമ്മളെ വഴി തെറ്റിക്കാൻ സാദ്ധ്യത ഉണ്ട്. ഇൻററർനെറ്റ് വളരെ സൂക്ഷിച്ച് നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുവാണെങ്കിൽ ഇൻററർനെറ്റ് നമ്മുടെ സാമൂഹിക ജീവിതത്തിൽ വളരെ ഉപകാരമായ ഒരു കാര്യമാണ്. ഇൻററർനെറ്റ് ഉപയോഗിക്കുന്നത് നല്ല കാര്യങ്ങൾക്കു വേണ്ടിയാണെങ്കിൽ ഒരു കുഴപ്പവും ഉണ്ടാവുകയില്ല. ഇൻററർനെറ്റ് വളരെ ഉപകാരമായ ഒരു കാര്യമാണ്.





വര -സിയോ സാബു 9A



# ചങ്കരൻ പ്ലാവ്

നാടകം

ജോബിൻ ജോസഫ് ജോയി 9C

## രംഗം–1

[ചങ്കു വിശന്നു വലഞ്ഞ് ഒരു മരച്ചുവട്ടിൽ വന്നിരിക്കുന്നു മരത്തിനു മകളിൽ കുറച്ചു കാക്കകൾ എന്തിനോ വേണ്ടി തർക്കിക്കുന്നു.]



ചങ്കു ഒരു കല്ലെടുത്തെറിഞ്ഞു കാക്കകളെ ഓടിക്കുന്നു.ഒരു കാക്കയുടെ ചുണ്ടിൽ നിന്ന് എന്തോ തഴെ വിഴുന്നു. ചക്കകഷ്ണമാണ്

ചങ്കു അതെടുത്ത് നോക്കുന്നു ആചക്കച്ചുള തിന്നുന്നു. എന്നിട്ട് ചക്കകുരു കൈയിൽ പിടിക്കുന്നു അപ്പോൾ ആവഴി പണക്കാരനായ കേശവൻ നമ്പൂതിരി വരുന്നു]

നമ്പൂതിരി:എന്താ ചങ്കു ചക്കകുരുവും പിടിച്ചു നിൽക്കുന്നത്?

ചങ്കു:ഇതു നടാമെന്നു വച്ചാൽ എനിക്കുസ്വന്തമായി ഒരു തുണ്ടു ഭൂമിയില്ല. അതോർത്തു നിന്നതാണ്

നമ്പൂതിരി:താൻ എന്റെയൊപ്പം വാ, ഇതു നടാനുള്ള സ്ഥലം ഞാൻ നിനക്കുതരാം

ചങ്കു:നന്ദിയുണ്ട് ഒരുപാട് നന്ദിയുണ്ട്

[ഇരുവരും ഒരു സ്ഥലത്തെത്തി.ചങ്കു ചക്കക്കുരു നടുന്നു]

ചങ്കു:ഇതിലുണ്ടാകുന്ന ആദ്യ ചക്കപ്പഴം ഞാൻ എനിക്ക് ഈ കുരുതന്ന കാക്കകൾക്കു കൊടുക്കും രണ്ടാമത്തേത്

മുതലാളിക്കുകൊടുക്കും.മൂന്നാമത്തേത്
ദൈവത്തിന് കൊടുക്കും

## രംഗം-2

[വർഷങ്ങൾക്കുശേഷം. ചങ്കുവിന്റെ പ്ലവിൽ നിറയെ ചക്കകൾ കാണാം.ചങ്കു ധനികനായിട്ടുണ്ട്]
നാട്ടുകാരൻ:എന്താ ചങ്കുച്ചാരേ ഇങ്ങനെയൊക്കെ കഴഞ്ഞാമതിയോ?ഒരു കുടുംബമൊക്കെ വേണ്ടെ?
ചങ്കുച്ചാർ:വേണ്ട എന്റെ സർവ്വ ഐശ്വര്യങ്ങൾക്കും കാരണം അവനാ എന്റെ ചങ്കരൻ പ്ലവ് ഞാനും അവനും മത്രും മതി
[അയൽപക്കത്തെ ആട് ചങ്കുവിന്റെ പ്ലാവിന്റെ ഇലതിന്നുന്നു.ചങ്കു ഓടിക്കാൻശ്രമിക്കുന്നു]
നാട്ടുകാരൻ:എന്നാൽ ഈ പ്ലാവ് സംരക്ഷിക്കാൻ എങ്കിലും ഒരു പെണ്ണ് കെട്ട് ചങ്കുച്ചാ
ചങ്കുച്ചാർ:ശരിയാ, അത് വേണ്ടിവരും എന്ന് തോന്നുന്നു.

## രംഗം-3



[ചങ്കുച്ചാർ വിവാഹിതനായി.മകൻ ഒരു പരിഷ്ക്കാരിപെണ്ണിനെ വിവാഹം കഴിച്ചു. ചങ്കുച്ചാർ കാശിക്കു പോകാൻ തീരുമനിച്ചു]
ചങ്കച്ചാർ:മോനേ,ഞാൻ കാശിക്കു പോവുകയാണ് എന്റെ ചങ്കരനെ നീ പൊന്നുപോലെ നോക്കണം. നമ്മുടെ സർവ്വ ഐശ്വര്യങ്ങൾക്കും കാരണം അവനാ
മകൻ:ശരി അച്ഛാ
[ചങ്കുച്ചാർ പ്ലാവിനോട് യാത്ര ചോദിച്ചു]

## രംഗം-4

മനോരമ(മകന്റെ ഭാര്യ):നമുക്ക് ഈ പ്ലാവ് വെട്ടിക്കളഞ്ഞ് അവിടെ ഒരു ടെന്നിസ് കോർട്ട് പണിയാം.
മകൻ:അതു വേണോ? അച്ഛൻ കാത്തു സൂക്ഷിച്ചപ്ലാവാ അതുവെട്ടണോ?

മനോരമ:ഹൊ. മകൻ അച്ഛനേക്കാൾ വലിയൊരു മൂഢനാണെന്നു ഞാൻ വിചാരിച്ചില്ല.
[ഭാര്യയുടെ വാക്ക് കേട്ട് മകൻ പ്ലാവ് വെട്ടാൻ അനുവദിച്ചു. മരംവെട്ടുകാർ പ്ലാവ് വെട്ടി ഇട്ടു. ഈ സമയം ചങ്കുച്ചാർ തിരിച്ചെത്തി.]
ചങ്കുച്ചാർ:ഹയ്യോ എന്റെ ചങ്കരാ എടാ....
[ചങ്കുച്ചാർ പ്ലാവിനെ കെട്ടിപ്പിടിച്ചു പ്ലാവിന്റെ മുകളിൽ കിടന്നു ]
മകൻ:അച്ഛാ ......(ഇടറിയ ശബ്ദത്തിൽ) അച്ഛാ
[ചങ്കുച്ചാർ പിന്നെ എഴുന്നേറ്റില്ല.]



# ഭൂവിസ്മയങ്ങൾ

## കവിത -മീരാ മോഹനൻ





എത്ര അത്ഭുതമീ വിശ്വം
എത്ര ശോഭനമി ധരണി
നയനങ്ങളമ്പരപ്പിക്കും പ്രഭാവിളക്ക്.
പച്ച പട്ടുടുത്ത ഭൂമാതാവിന്റെ
കണ്ണീർ കണ്ണങ്ങൾ ഒഴുകുന്ന
അരുവിയായ് സീമന്തരേഖയിൽ
ചുട്ടുനെറ്റിയിൽ കാണാം പലവർണ്ണ സുമങ്ങൾ
തരുചില്ലയിൽ തട്ടിമുട്ടിയെത്തി
മാതാവിൻകേശം ഉണക്കുവാനായ് മാരുതി
സ്വർണ പ്രഭയാൽ അർക്കനും
അന്തിയിൽ ആന്ധകാരമകറ്റി
ചന്ദ്രനു ഗാനാലാപനത്തിൽ
മത്സരാർഥികളായ് ശ്രുതി മിട്ടുന്നു പാറവകൾ
ഇടയ്ക്കിടെ മിന്നി വൻശബ്ദത്തോടെയണയുന്നു
മഴയും കാർമേഘവും
ഭൂമിയിലെ പുളങ്കുമണിയ്ക്കായ്
പരസ്പര മത്സരമാണി സൃഷ്ടികൾ
ആടിയും പാടിയും ഒഴുകിയും
അണഞ്ഞും വർഷിച്ചും കാലം മുന്നോട്ടുപോകുന്നു.
വൃദ്ധയാം ഭൂമാതാവ് മാത്രം നിശ്ചലം .

# ജീവനു വേണ്ടിയുള്ള പാച്ചിൽ

## കഥ

ബിവിൻ ബെന്നി 9B



അങ്ങനെ അവർ കണ്ണ് തുറന്നു. അന്ധകാരത്തിന്റെ നടുവിൽ ഒരു പ്രതീക്ഷയുമില്ലാതെ അവർ നിലവിളിക്കുകയാണ്, കേൾക്കാൻ ആരുമില്ലാതെ രക്ഷിക്കണേ.... രക്ഷിക്കണേ....എന്ന ശബ്ദം നാലു വശത്തും മുഴങ്ങുന്നു . കുറച്ചു മുന്നിലേക്ക് നീങ്ങിയാൽ മുൻപിൽവെള്ളം കാണാം. എന്നാൽ നീന്തലറിഞ്ഞിട്ടു കാര്യമില്ല. ഒന്നും ചെയ്യാനും പറ്റാത്ത അവസ്ഥ അവർ പെട്ടിരിക്കുകയാണ്. ഭക്ഷണമില്ല വെള്ളമില്ല ശ്വസിക്കാൻ അല്പം വായു മാത്രം .തായ് ലന്റിലെ ഗുഹ സന്ദർശിക്കാൻ കേറിയ ഫുഡ്ബോൾ കോച്ചും കുട്ടികളുമാണ്.പെട്ടെന്നുണ്ടായ മഴ അവരെ പ്രതിസന്ധിയിലാക്കി . ഇരച്ചു കേറിയ വെള്ളത്തെ പേടിച്ച് അവർ ഗുഹയ്ക്കുള്ളി ലേക്ക് കേറിപ്പോയി.മുകളിലെ പാറക്കെട്ടുകളിൽ അനങ്ങാൻ പോലും പറ്റാത്ത അവസ്ഥയിൽ അവർ കുടുങ്ങിപ്പോയി. ബോധം തെളിഞ്ഞ അവർക്കു ചുറ്റും അന്ധകാരമായിരുന്നു.



കുട്ടികൾ അലമുറയിട്ട് കരയുകയാണ് കോച്ച് അവരെ എങ്ങനെയെങ്കിലും ആശ്വസിപ്പി ക്കാൻ ശ്രമിക്കുകയാണ്. എനിക്ക് അമ്മയെ കാണണം


എന്ന് പറഞ്ഞ് ടിം അലറിക്കരഞ്ഞു. അവരിൽ
ഏറ്റവും ഇളയവനാണവൻ .കോച്ച് അവന്റെ അടുത്ത് ചെന്ന് അവനെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു ദൈവം ഉണ്ട് കൂടെ നമ്മുക്ക് ഒന്നും സംഭവിക്കുകയില്ല. കോച്ച് അങ്ങനെ പറഞ്ഞെങ്കിലും അവന്റെ കരച്ചിലിന് കുറവൊന്നും ഉണ്ടായില്ല. അവന്റെ കരച്ചിൽ കണ്ട് മറ്റുള്ളവരും കൂടെ കരയാൻ തുടങ്ങി .കുട്ടികളെ അന്വേഷിച്ച് രക്ഷാപ്രവർത്തകർ ഗുഹയുടെ മുന്നിലെത്തി.അവർ മുന്നും പിന്നും നോക്കാതെ ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചു.നിർദ്ദേശങ്ങൾ അനുസരിച്ച് അവർ പ്രവർത്തനംആരംഭിച്ചു. വഴികളെല്ലാം അടഞ്ഞുകിടക്കുകയാണ് . ഇടുങ്ങിയതും ഞെരുങ്ങിയതുമായ പാതകളിലൂടെ അവർ സഞ്ചരിച്ചു. ജീവൻ പോയാലും വേണ്ടില്ല അവരെ രക്ഷിക്കണം



എന്ന ഉദ്ദേശത്തോടെ അവർ മുന്നേറി. അവരുടെ അടുത്തെത്തണമെങ്കിൽ ഗുഹയിലെ വെള്ളത്തിന്റെ അളവ് കുറക്കണം. അതിനുള്ള മാർഗ്ഗം അവർ തേടി .ഒരു പൈപ്പ് ഉപയോഗിച്ച് കുറച്ച് വെള്ളം പുറത്തേയക്ക് അടിച്ചു കളയാൻ പറ്റുമോ എന്ന് അവർ ആലോചിച്ചു . എന്നാൽ ഒരു പ്രശ്നമുണ്ട്. പുറത്തേക്ക് വെള്ളം അടിച്ചു കളഞ്ഞാൽ ആ വെള്ളം ചെന്നെത്തുന്നത് അനേകം കർഷകരുടെ കൃഷിയിടങ്ങളിലേക്കാണ്. അത് അവരുടെ കൃഷി നശിപ്പിക്കും. ഒരു കർഷക കുടുംബത്തിന്റെ ആകെ വരുമാന

മെന്ന് പറയുന്നത് അവരുടെ കൃഷി സാധനങ്ങൾ വിറ്റ് കിട്ടുന്ന ലാഭമാണ് .അത് നശിച്ചാൽ അവർ എന്തു ചെയ്യും ? ഈ കാര്യം കർഷകരുമായി ഒന്ന് ആലോചിക്കാം എന്നവർതീരുമാനിച്ചു.കുഞ്ഞുങ്ങളുടെ ജീവനേക്കാൾ വലുതൊന്നുമല്ല ഞങ്ങളുടെ കൃഷി . അവ നശിച്ചാലും സാരമില്ല അവരുടെ ജീവൻ രക്ഷിക്കണമെന്ന കർഷകരുടെ വാക്ക് രക്ഷാപ്രവർത്തകർക്ക് കൂടുതൽ ധൈര്യം ഏകി. അങ്ങനെ കുറച്ച് വെള്ളം അവർ പുറത്തേക്ക്അടിച്ചു കളഞ്ഞു. അങ്ങനെ അവർ കുട്ടികളുടെ സ്ഥാനം കണ്ടെത്തി .കുറച്ചു പേർ അവരുടെ അടുത്ത് ചെന്ന് അവരുടെ അവസ്ഥ തിരക്കി .അവർക്കുള്ള ഭക്ഷണവും വെള്ളവും എത്തിച്ചു കൊടുത്തു. ഏതുവിധേനയും അവരെ പുറത്തെത്തിക്കാനുള്ള ശ്രമമായിരുന്നു പിന്നീട്. ആ ശ്രമത്തിൽ പലർക്കും അവരുടെ ജീവൻ ബലി കൊടുക്കേണ്ടതായി വന്നു.അങ്ങനെ അവർ അവരെ ഓരോരുത്തരായി പുറത്തെത്തിക്കാനുള്ള ശ്രമം ആരംഭിച്ചു .ഓക്സിജൻ സിലിണ്ടർഘടിപ്പിച്ച വസ്ത്രം അണിയിച്ച് ഓരോരുത്തരേയും വിജയകരമായി പുറത്തെത്തിച്ചു. ആദ്യം ബുദ്ധിമുട്ടുണ്ടായെങ്കിലും അവർ തളരാതെ മുന്നേറി. അവരുടെ കഠിനാധ്വാനവും കൂട്ടായ പ്രയത്നവും കൊണ്ടാണ് അവരെ വിജയകരമായി രക്ഷിക്കാൻ സാധിച്ചത്.





വര- ജിബിൻ 9B




# വാത്സല്യം

## കഥ

സയാ പി. എസ്സ് 7A




ഒരു ഗ്രാമത്തിൽ ഒരു വലിയ മരമുണ്ടായിരുന്നു. അതിന്റെ ഒരു ചില്ലയിൽ ഒരമ്മക്കിളിയും കുഞ്ഞിക്കിളിയുമുണ്ടായിരുന്നു. അമ്മക്കിളിയ്ക്ക് കുഞ്ഞിനോട് അതിരില്ലാത്ത സ്നേഹമായിരുന്നു. കുഞ്ഞിന് അമ്മയോടും. ഒരു രാത്രി അമ്മ കുഞ്ഞിനോട് ചോദിച്ചു. മോളേ നിനക്ക് ഏറ്റവുമധികം വിശ്വാസം ആരോടാണ് ?



കുഞ്ഞ് ഒരു തവണ ആകാശത്തോട്ട് നോക്കി. എന്നിട്ട് പറഞ്ഞു: എനിക്കേറ്റവും വിശ്വാസം താരങ്ങളെയാണ്. അവരോടാകുമ്പോൾ, എന്തു പറഞ്ഞാലും അവ മറ്റാരോടും പറയില്ല.

പിന്നീട് ഒരു രാത്രി അമ്മക്കിളി കുഞ്ഞിനോട് ഇതേ ചോദ്യം ആവർത്തിച്ചു. അന്നും കുഞ്ഞിക്കിളി ഒരു തവണ ആകാശത്തോട്ടു നോക്കി. എന്നാൽ അന്നവൾ പറഞ്ഞ ഉത്തരം മറ്റൊന്നാണ്. ചന്ദ്രനെയാണ് അവൾക്കേറ്റവും വിശ്വാസമെന്ന് അവൾ അമ്മയോടു പറഞ്ഞു.

കുറേ നാളുകൾക്കു ശേഷം കുഞ്ഞിക്കിളി വലുതായി.

ഒരു ദിവസം അവൾ ആകാശത്തു കൂടി പറന്നു നടക്കുകയായിരുന്നു. പെട്ടന്നവളുടെ ശ്രദ്ധ ഭൂമിയിലേക്ക് പതിച്ചു. അവിടെ അതാ കുറേ അരിമണികൾ !

ഞാനിപ്പോൾ ആ അരിമണികൾ പെറുക്കണമോ ? അവൾ ചിന്തിച്ചു. എന്നിട്ടവൾ ആകാശത്തോട്ടു നോക്കി. എന്നാൽ അവിടെ അവൾക്ക് താരങ്ങളെയോ ചന്ദ്രനേയോ കാണാൻ കഴിഞ്ഞില്ല.

അവൾ താഴോട്ടു പറന്നു. പെട്ടെന്നു അമ്മക്കിളി അവളെ തടഞ്ഞു :- മോളേ അവിടേക്ക് പോകരുത്. അവിടെ ഒരു വേടൻ കിളികളെ പിടിക്കുവാൻ വേണ്ടി വല വിരിച്ചിട്ടുണ്ട്. ശ്രദ്ധിച്ചു നോക്കു. അതു ശരിയായിരുന്നു. അവൾ അമ്മയോടൊപ്പം കൂട്ടിലേക്കു പറന്നു.

അന്നു രാത്രി അമ്മക്കിളി അവളോട് വീണ്ടും ചോദിച്ചു:-  നിനക്ക് ഈ പ്രപഞ്ചത്തിൽ ഏറ്റവും

വിശ്വാസവും സ്നേഹവും ആരോടാണ് ?

അപ്പോഴും അവൾ ആകാശത്തോട്ടു നോക്കി.

എന്നിട്ട് പറഞ്ഞു:- ഈ പ്രപഞ്ചത്തിൽ എനിക്ക് ഏറ്റവും വിശ്വാസം അമ്മയോടാണ്. ഇതു കേട്ട് അമ്മ മറ്റൊരു ചോദ്യം ചോദിച്ചു. അതെന്തു കൊണ്ടാണ് ?

മുൻപ് എന്നോടു ഈ ചോദ്യം രണ്ടു തവണ ചോദിച്ചപ്പോഴും അമ്മയുടെ മാധുര്യം ഞാനറിഞ്ഞില്ല.

എന്നാൽ ഇന്ന് ആ വേടനിൽ നിന്നു രക്ഷിക്കാൻ താരങ്ങളോ ചന്ദ്രനോ വന്നില്ല :- കുഞ്ഞിക്കിളി പറഞ്ഞു.

മകളുടെ വാക്കുകളുടെ അർത്ഥം മനസ്സിലായ അമ്മ കുഞ്ഞിനെ തന്റെ മാറോടണച്ചു കെട്ടിപ്പിടിച്ചു.




# ആഗോള താപനം – മരമാണ് മറുപടി

## ഉപന്യാസം

അമിത്ത്ബോബി പോൾ 10 A



ഇന്ന് ലോകം കാണുന്നതിൽ വച്ച് ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് ആഗോള താപനം. പ്രകൃതിയിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് ഒരു പരിധി വിട്ട് കൂടുമ്പോൾ പ്രകൃതിയിലെ താപത്തിന്റെ അളവ് കൂടുന്നു. ഇത് ധ്രുവപ്രദേശങ്ങളിലെ മഞ്ഞ് മലകൾ ഉരുകി പോകാൻ കാരണമാകുന്നു. മനുഷ്യരുടെ അമിതമായ ആഗ്രഹങ്ങളാണ് ഇതിനെല്ലാം കാരണം. പ്രകൃതിയിലെ താപം കൂടുന്ന അവസ്ഥയാണ് ആഗോള താപനം എന്നു പറഞ്ഞുവല്ലോ. ഇത് കൂടിയാൽ ധ്രുവപ്രദേശങ്ങളിൽ ജീവിക്കുന്ന ധ്രുവ കരടികൾക്കും, പെൻഗ്വിനുകൾക്കും, അതു പോലെ തന്നെ നീർനായ്ക്കൾക്കും ദോഷമാണ്.



മൃഗങ്ങൾക്കെന്ന പോലെ മനുഷ്യർക്കും ഈ അവസ്ഥ മാരകമാണ്. നഗര പ്രദേശങ്ങളിലാണ് അന്തരീക്ഷ മലിനീകരണം കൂടുതൽ. വാഹനങ്ങൾ പുറന്തള്ളുന്ന പുക, വ്യവസായ ശാലകൾ പുറന്തള്ളുന്ന പുക, ആളുകൾ പുക വലിക്കുമ്പോൾ പുറന്തള്ളുന്ന പുക, ചവറുകൾ പുറന്തള്ളുന്ന പുക ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നതാണ്. വാഹനങ്ങൾ പ്രവർത്തിക്കുമ്പോഴും, ചവറുകൾ കത്തിക്കുമ്പോഴും, കാർബൺ മോണോക്സൈഡ് എന്ന വിഷവാതകം വായുവിൽ കലരുന്നു. അതു പോലെ പ്രവർത്തന യോഗ്യമല്ലാത്ത ഏ.സികൾ, ഫ്രിഡ്ജുകൾ, ആദിയായവ ക്ലോറോ ഫ്ലൂറോ കാർബൺ എന്ന വാതകം പുറം തള്ളുന്നു. ഇതു ഭൂമിയുടെ ഓസോൺ ($O_3$) എന്ന ഓക്സിജന്റെ മൂലകത്താൽ നിർമിതമായ പാളികളിൽ തുളകൾ ഉണ്ടാവാൻ കാരണമാവുകയും അപകടകാരിയായ അൾട്രാ വൈലറ്റ് വികിരണങ്ങളെ ഭൂമിയിലേക്ക് കടന്നുവരാൻ ഇടയാക്കുകയും പലതരത്തിലുള്ള അസുഖങ്ങൾ മനുഷ്യരിൽ വരുത്തുകയും, മരങ്ങളും ചെടികളും നശിച്ചു പോകുന്നു.

മനുഷ്യരിൽ ത്വക്ക് അർബുധവും, സൂര്യാഘാതവും മറ്റു ത്വക്ക് സംബന്ധമായ അസുഖങ്ങൾ ഉണ്ടാവുന്നു. അൾട്രാ വൈലറ്റ് വികിരണങ്ങൾ നേത്രങ്ങളിൽ പ്രവേശിച്ചാൽ നേത്രത്തിന്റെ കോർണിയ എന്ന മുൻ ഭാഗം കത്തി പോകാൻ സാധ്യതയുണ്ട്. മറ്റു പല നേത്ര രോഗങ്ങളും മനുഷ്യരിൽ കാണപ്പെടും. ചെടികളും മരങ്ങളും നശിച്ചു പോകാൻ ഇടയാകുന്നു. മൃഗങ്ങൾ വൻ തോതിൽ ചത്തു പോകുന്നു. ഇത് വംശനാശ ഭീഷണിക്കു കാരണമാകുന്നു. ആഗോള താപനം മനുഷ്യനും അതു പോലെ തന്നെ മൃഗങ്ങൾക്കും സസ്യങ്ങൾക്കും വളരെയേറെ ദോഷകരമാണ്.

ആഗോള താപനമെന്ന മഹാദുരന്തത്തെ അതിജീവിക്കാൻ പ്രകൃതി തന്നെ ഒരുക്കിയ സംവിധാനമാണ് മരം! ഒരു മരം നടുന്നതിലൂടെ ജീവന്റെ മൂല്യത്തിന് നാം വില കൽപ്പിക്കുകയാണ്. മരങ്ങൾ ജീവവായുവിന്റെ ഉറവിടങ്ങളാണ്. മരങ്ങൾ ധാരാളം ഓക്സിജൻ പുറപ്പെടുവിക്കുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡൈയോക്സൈഡ് വലിച്ചെടുക്കുന്നു മരങ്ങൾ. അതിനാൽ മരങ്ങൾ വെട്ടരുത്. നാം മരങ്ങൾ വച്ചു പിടിപ്പിക്കാൻ ശ്രമിക്കണം. ഒരു മരം വെട്ടിയാൽ രണ്ട് മരം വച്ചു പിടിപ്പിക്കണം എന്ന മുദ്രാവാക്യം ലോകം മുഴുവനും പരക്കട്ടെ. ലോകത്തെ ആഗോളതാപനത്തിൽ നിന്ന് രക്ഷപ്പെടാൻ നമുക്ക് ഒന്നിച്ച് ശ്രമിക്കാം. ജയ് ഹിന്ദ്.

# വർദ്ധക്യത്തിന് ഒരു തണലാകാം...

## ഉപന്യാസം

ആലിയ ഹമീദ വി എസ് 9B






പുതുതലമുറ ഏറ്റവും കൂടുതൽ മടി കാണിക്കുന്ന വിഷയമാണ് വൃദ്ധരായ മാതാപിതാക്കളെ പരിപാലിക്കൽ. നമ്മെ നൊന്തു പ്രസവിച്ച മാതാവിനെയും, നമ്മുടെ എന്താവശ്യവും സാധിച്ചു തരുന്ന പിതാവിനെയും ആവശ്യം കഴിയുമ്പോൾ നമ്മൾ വൃദ്ധ സദനങ്ങളിലേക്ക് വലിച്ചെറിയുന്നു. വാർദ്ധക്യം ഒരു ശാപമായാണ് നമ്മുടെ തലമുറ കാണുന്നത്. ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ മനുഷ്യന് ആവശ്യമായത് സ്നേഹമുള്ള

സഹോദരങ്ങളും, മക്കളുമാണ്. സ്വന്തം

മാതാപിതാക്കൾ വൃദ്ധരാകുമ്പോൾ അവരെ തെരുവിലേക്ക് വലിച്ചെറിയുന്നവർ ആലോചിക്കേണ്ടത് അവരും ഒരിക്കൽ വർദ്ധക്യം അനുഭവിക്കേണ്ടവരാണ് എന്നാണ്. നമ്മൾ നന്മ ചെയ്താൽ അത് നമുക്ക് നല്ലതായി ഭവിക്കും. മാതാപിതാക്കളെ സംരക്ഷിക്കൽ നമ്മുടെ ബാദ്ധ്യതയല്ല, ഉത്തരവാദിത്വമാണ്.

വൃദ്ധസദനങ്ങളുടെ നിർമാണം വർദ്ധിച്ചു വരികയാണ് ഇപ്പോൾ. ഇത് ഭാവിയിലേക്ക് ദോഷം ചെയ്യും. നമ്മുടെ മാതാപിതാക്കളുടെ സന്തോഷം നമ്മുടെ കൂടെ കഴിയുന്നതിലാണ്. അവരെ വൃദ്ധ സദനത്തിലെ നാലു ചുവരുകൾക്കുള്ളിൽ അടയ്ക്കുന്നതും, ജയിലും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളത്? നമ്മുടെ ബാല്യത്തിൽ നമ്മെ കഷ്ടപ്പെട്ട് വളർത്തിയവർക്കു വേണ്ടി കഷ്ടപ്പെടാൻ നമ്മൾ എന്തുകൊണ്ടാണ് മടി കാണിക്കുന്നത്? നമ്മുടെ മാതാപിതാക്കൾ ഒരു പ്രതിഫലവും ആഗ്രഹിക്കാതെയാണ് നമ്മെ വളർത്തുന്നത്. എന്നാൽ മക്കളുടെ മനസ്സിൽ ചെറുതായിട്ട് അവരുടെ സ്വത്തുക്കളോടുള്ള ആഗ്രഹവും ഉണ്ട്. ഇത് നന്നല്ല. മരണം വരെയും മാതാപിതാക്കൾക്ക് സന്തോഷം പകരുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. വാർദ്ധക്യം ഒരിക്കലും ഒരു ശാപമല്ല.... നന്മ ചെയ്താൽ നന്മ ലഭിക്കും....തിന്മ ചെയ്താലോ തിന്മ തന്നെയായിരിക്കും ഫലം..




വര -അസ്മീൻ ഷാദിയ

# എന്റെ ക്ലാസ് മുറി

## കവിത

പ്രിയ



കളിക്കുവാനും
കൂട്ടുവാനും ഒരിടം
നന്മത്തും
വാത്സല്യം നിറഞ്ഞതുമായ
ഒരു കൈ.....
തോളോട്ടു തോൾ ചേരുന്ന
സൗഹൃദത്തിന്റെ പരപ്പ്
ഭാരമില്ലാത്തമനസ്സ്
സ്നേഹാക്ഷരങ്ങളുടെ
ഒരു മാറാപ്പ്.

# ലഹരിയിൽ ജീവിതം നശിപ്പിക്കരുതേ

## ഉപന്യാസം

ആർ.എ.ഹനമന്ദ് 9A



ഇന്ന് കേരളത്തിൽ ധാരാളം വ്യക്തികൾ ലഹരി ഉപയോഗിക്കുന്നു. ലഹരി ജീവിതം നശിപ്പിക്കുന്ന ഒരു വസ്തുവാണ്. ആദ്യം ഒരു തുടക്കം! പിന്നെ അതിൽ നിന്ന് മാറുവാനോ ഒഴിവാക്കുവാനോ സാധിക്കില്ല. കഞ്ചാവ്, ഹാൻസ്, മയക്കുമരുന്ന്, പുകയില, പാൻപരാഗ്, പാൻമസാല എന്നിവ ലഹരി വസ്തുക്കളാണ്. ഈ വസ്തുക്കൾ ശരീരത്തിൽ പ്രവേശിച്ചാൽ പിന്നെ അത് മരണത്തിന്റെ ആരംഭമാണ്. കുടുംബത്തിൽ പ്രശ്നങ്ങൾ, ശാരീരിക പ്രശ്നങ്ങൾ എന്നിവ ഇത് കാരണം ഉണ്ടാകുന്നതാണ്. ഇന്നത്തെ തലമുറയിൽ ജനതുക കുറയുകയാണ്. അതിന് കാരണം മദ്യം തന്നെയാണ്. മദ്യം വിഷമാമാണെന്ന് ആരും മനസ്സിലാക്കുന്നില്ല. ഏറ്റവും കൂടുതൽ മദ്യം





ഉപയോഗിക്കുന്നത് പുരുഷൻമാർ തന്നെയാണ്. പക്ഷേ സ്ത്രീകളും ഉപയോഗിക്കാറുണ്ട്. നമുക്ക് മാറ്റാം! ഈ ലോകത്തെ ലഹരിയിൽ നിന്ന് അകറ്റാൻ നമുക്ക് സാധിക്കും. കള്ള്ഷാപ്പുകളും മറ്റ് ലഹരി വസ്തുക്കൾ വിൽക്കുന്ന കടകൾ നിരോധിക്കുക. ലഹരിയുപയോഗിക്കുന്നവരെ അതിൽ നിന്നും അകറ്റാൻ കൗൺസിലിങ് ക്ലാസുകളിൽ ചെന്ന് ചേർക്കുക. ലഹരി വസ്തുക്കളുടെ നിർമാതാക്കളോട് കർശനമായി നടപടി എടുക്കേണ്ടതാണ്.





# ശുചിത്വം നമുക്ക് പ്രധാന്യം

**ഉപന്യാസം**

ബിസ്മി ഇസ്മായേൽ 9B

മനുഷ്യ ജീവിതത്തിൽ ഏറ്റവും അത്യാവശ്യമുള്ള ഒന്നാണ് ശുചിത്വം. കേരളീയ സമൂഹത്തിൽ ഇപ്പോൾ ഏറ്റവും കുറഞ്ഞു വരുന്ന ഒന്നാണ് ശുചിത്വം. വളരെ മനോഹരമായിരുന്ന കേരളം ഇപ്പോൾ മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പുഴകൾ മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഫാക്ടറികളിൽ നിന്നും ഒഴുകുന്ന മാലിന്യങ്ങൾ വീടുകളിൽ ഉള്ള കിണറുകളിലും, കുളങ്ങളിലും വന്നു നിറയുന്നു. വീടുകളിലും, റോഡുകളിലും, പുഴകളിലും മാലിന്യം നിക്ഷേപിക്കരുത്. മാലിന്യങ്ങൾ ഇടാതെ നമ്മുടെ കേരളത്തെ സംരക്ഷിക്കുക. മരങ്ങൾ മുറിക്കരുത്. അത് നമുക്ക് തണലാണ്. ശുചിത്വം എന്ന ഒന്നില്ലെങ്കിൽ രോഗങ്ങൾ പെരുകും. രോഗങ്ങൾ ചിലപ്പോൾ മരണത്തിനു വരെ കാരണമാകും. ഒരു മനുഷ്യൻ രോഗത്തിന് കീഴ്പ്പെടുന്നതിന്റെ പ്രധാന കാരണം ശുചിത്വമില്ലായ്മയാണ്. ശുചിത്വത്തിലൂടെ കേരളത്തെ സംരക്ഷിക്കാം.





# സംഗീതമെന്നത്



നിമ്മ . ഇ

ശ്രവണസുന്ദരങ്ങളായ ശബ്ദങ്ങൾ കൊണ്ട് മനസ്സിൽ വികാരങ്ങൾ സൃഷ്ടിച്ച് രസിപ്പിക്കുന്ന ഒരു കലയാണ് സംഗീതം. രാഗതാള പദാശ്രയം ആയതാണ് സംഗീതം എന്നാണ് നാട്യശാസ്ത്രത്തിൽ സംഗീതത്തെ പ്രതിപാദിക്കുന്നത്.സ്വരങ്ങളുടെ സഹായത്തോടെ ആശയ പ്രകടനം നടത്തുന്ന നാദ ഭാഷയാണ് ഇത്. വികാരങ്ങളുടെ ഭാഷയാണ് സംഗീതം. മനുഷ്യന്റെ സകല വികാരങ്ങളെയും ദുഃഖത്തെയും  സംഘർഷങ്ങളെയും സംഗീതത്തിൽ കൂടി ആവിഷ്കരിക്കാൻ സാധിക്കും ഇത് മനുഷ്യന് ശാന്തിയും സമാധാനവും കൈവരുത്തുന്നു . ശ്രോതാക്കളിൽ സന്തോഷം ദുഃഖം ശാന്തി തുടങ്ങിയ വികാരങ്ങൾ ഉളവാക്കാൻ സംഗീതത്തിന് കഴിയുമെന്ന് വിശ്വസിക്കുന്നു.ലോക സംഗീതത്തിലെ എല്ലാ ഗുണവശങ്ങളെയും ഉൾക്കൊണ്ടു വികസിച്ചതാണ് നമ്മുടെ സംഗീതം എന്നതിനാൽ സാർവലൗകികമായ മനുഷ്യനെ ഒന്നായി കാണാനുള്ള വിശാലമായ കാഴ്ചപ്പാട് ഇതിലൂടെ കൈവരുന്നു.




ഷിബി മാത്യു. റ്റി



സാമൂഹികജീവിയായ മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങളെ കുറിച്ചുള്ള പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുമുള്ള ബന്ധങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്ര പഠനം.

ആശയ സംവേദനത്തിനുള്ള സൗകര്യത്തിനുവേണ്ടി ചരിത്രം, ഭൂമിശാസ്ത്രം,സാമ്പത്തികശാസ്ത്രം,രാഷ്ട്രതന്ത്രം സാമൂഹ്യശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളായി വേർതിരിക്കുന്നു.


## സാമൂഹ്യശാസ്ത്ര പഠനം എന്തിന്

സമൂഹത്തിന്റെ വികാസപരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്താനുമുള്ള കൂട്ടായ പരിശ്രമത്തിലൂടെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് സാമൂഹ്യശാസ്ത്ര

പഠനലക്ഷ്യം. ജനാധിപത്യബോധം ,മതനിരപേക്ഷ ചിന്ത, ദേശീയബോധം, സഹിഷ്ണത ,സംഘബോധം പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്താൻ സാമൂഹ്യശാസ്ത്ര പഠനം കൊണ്ട് സാധിക്കുന്നു.

**എന്താണ് ചരിത്രം**

മനുഷ്യവർഗ്ഗം ജീവിതത്തിലും ചുറ്റുപാടിലും നടത്തുന്ന ഇടപെടലുകളുടെയും വരുത്തുന്ന മാറ്റങ്ങളുടെയും ആകത്തുകയാണ് ചരിത്രം. വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച് നാളെയെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് ചരിത്രപഠനം സഹായിക്കുന്നു.



**എന്താണ് ഭൂമിശാസ്ത്രം**

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധമാണ് ഭൂമിശാസ്ത്രം. മനുഷ്യന്റെ ഇടപെടലുകൾ ഭൗമ പരിസ്ഥിതിയിൽ വരുത്തുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ ഭൂമിശാസ്ത്ര പഠനം സഹായിക്കുന്നു.

**എന്താണ് സാമ്പത്തിക ശാസ്ത്രം**

ഉൽപാദനം ,വിതരണം, ഉപഭോഗം എന്നിവയെ കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രം.

**എന്താണ് രാഷ്ട്രതന്ത്രം**

ജനത, രാഷ്ട്രം ,ഭരണക്രമം തുടങ്ങിയവയെ കുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്രം. പൗരന്റെ അവകാശങ്ങളും കടമകളും ഇതിൽ ചർച്ചചെയ്യുന്നു .

ചുരുക്കത്തിൽ ശരിയായ സാമൂഹിക കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനും പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്ര പഠനംഉതകുന്നു.

# LITTLE KITES



# N.C.C



# scout&guides



# J.R.C



# SOCIAL SCIENCE CLUB



# HEALTH CLUB



# maths club



# science club



# FOOTBALL TEAM



# FOOTBALL TEAM



# ശ്രദ്ധ,മലയാളത്തിളക്കം,സുരീലി ഹിന്ദി ക്ലാസ്















# "പുനർജനി" ഡിജിറ്റൽ ചിത്രങ്ങൾ










# ആശ്രമം ഹയർസെക്കൻ്ററി സ്കൂൾ 2018-19 പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ.



ആശ്രമം സ്കൂൾ ഹെഡ്മിസ്ട്രസ്ശ്രീമതി മേരികുട്ടി കെ യുടെ റിട്ടയർമെൻ്റ് ഒഴിവിലേക്ക് ശ്രീ . മോൻസി ജോർജ്.പി നിയമിതനായി. 2018 മെയ്യ് 31 വ്യാഴം2.30.ന്പ്രധാനഅധ്യാപകനായി മോൻസി സാർ ചുമതല ഏറ്റു.

## പ്രവേശനോത്സവം

അധ്യയനവർഷത്തിൻ്റെ ആരംഭദിവസമായ ജൂൺ1 പ്രവേശനോത്സവമായി കൊണ്ടാടി.N.C.C കേഡറ്റുകളുടെ അകമ്പടിയോടുകൂടി നവാഗതർ സ്കൂളിൽ



പ്രവേശിച്ചു.അദ്ധ്യാപകരിൽ നിന്നും പൂക്കൾ കുത്തിയ ബാഡ്ജ് ധരിച്ച് അവർ മീറ്റിഗിൽ പങ്കെടുത്തു.P,T,A  വൈസ് പ്രസിഡൻ്റ് ശ്രീ.സലിം അധ്യക്ഷത വഹിച്ചു.സീനിയർ അസിസ്റ്റൻഡ് ഷീബാ ചാക്കോ സ്വാഗതം ,ഹെഡ്മാസ്റ്റർ മോൻസി ജോർജ്സാർ ആമുഖപ്രസംഗംഎന്നിവ നടത്തി.തുടർന്ന് റവ.ജോൺസർഗ്ഗീസ് ദീപം കത്തിച്ച് പ്രവേശനോൽസവം ഉദ്ഘാടനം ചെയ്തു.അച്ചൻ്റെ അനുഗ്രഹത്തോടെ

നവാഗതർ വിദ്യയുടെ വെളിച്ചം തെളിച്ചു.പ്രവേശനോത്സവഗാനാലപനത്തിനുശേഷം വാർഡ് കൌൺസിലർ ബിജു ജോൺ,പ്രിൻസിപ്പൽ ജോൺ കെ തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.ബിൻസി റ്റീച്ചർ കൃതജ്ഞത അർപ്പിച്ചു.തുടർന്ന് എല്ലാ കുട്ടികൾക്കും മധുരം നൽകി പുതിയ ക്ലാസുകളിലേക്ക് വരവേറ്റു.

# പരിസ്ഥിതിദിനാചരണം




**ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്താനുതകുന്ന പരിപാടികൾ ക്രമീകരിച്ചു. പരിസ്ഥിതി അവബോധന ക്ളാസുകൾ' മൂകാഭിനയം, ലഘുനാടകാവിഷ്കാരം തുടങ്ങിയവ സംഘടിപ്പിച്ചു.ഔഷധചെടികൾക്കും മരങ്ങൾക്കും പേരെഴുതിയ ബോർഡുകൾ സ്ഥാപിച്ചു. വൃക്ഷതൈവിതരണവും മരതൈകൾ നട്ടുപിടിപ്പിക്കലും അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തി .**

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനു തുടക്കമായി



കുട്ടികളിൽ വിവര വിജ്ഞാന സാങ്കേതിക പരിജ്ഞാനം വളർത്തുന്നതിനായി രൂപീകരിച്ച ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റിന് 2018-19 ആരംഭവർഷം തന്നെ ആശ്രമം സ്കൂളിൽ തുടക്കമായി.ഐ.റ്റി കോർഡിനേറ്ററായ

സോൾവിൻ. കെ മാത്യു , കൈറ്റ് മിസ്ട്രസ് മാരായ ബിൻസിമോൾ പുന്നൂസ് ,അനുവർഗ്ഗീസ് എന്നീ അദ്ധ്യാപകർ യൂണിറ്റിന് നേതൃത്വം നൽകുന്നു. ഈ വർഷം 25 കൈറ്റ്സാണ് യൂണിറ്റിൽ ചേർന്നിരിക്കുന്നത് .





## വായനയുടെ വിരുന്നൊരുക്കി വീണ്ടും

# വായനാവാരാചരണം

പി.എൻ പണിക്കരുടെ സ്മരണാർഥം കേരളമൊട്ടാകെ നടത്തുന്ന വായനാവാര പരിപാടികൾക്ക് ജൂൺ 19 ചൊവ്വാഴ്ച ആശ്രമം സ്കൂളിലും തുടക്കം കുറിച്ചു.പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ സുരേഷ് കീഴില്ലം ഉദ്ഘാടനം നിർവഹിച്ചു.പൂർവ്വവിദ്യാർഥികൾ പുസ്തകങ്ങൾ സംഭാവന ചെയ്തു.പ്രതിജ്ഞ,സാഹിത്യ പരിപാടികൾ,ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ ഡിജിറ്റൽ പത്രപ്രകാശനം തുടങ്ങിയവ പരിപാടിയെ ഊഷ്മളമാക്കി .

**മുനിസിപ്പൽലൈബ്രറിയിൽ നടത്തിയ പുസ്തകപ്രദർശനത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ**

മുനിസിപ്പൽ ലൈബ്രറിയിൽ വച്ചുനടത്തിയ വായനാവാര മൽസരങ്ങളിൽ കുട്ടികൾ പങ്കെടുത്തു.ഉപന്യാസം കൈയ്യക്ഷരം എന്നിവയ്ക്ക് ഐറിൻ ഒന്നാം സ്ഥാനവും ക്വിസ്സൽസരത്തിൽ അപർണ ശിവൻ,സ്റ്റീനാ കോരഎന്നിവരുംപ്രസംഗ മൽസരത്തിൽ മുഹമ്മദ് യാസീനും രണ്ടാം സ്ഥാനം നേടി.

## യോഗാദിനാചരണം





**N.C.C,SCOUT എന്നിവയുടെ ആഭിമുഖ്യത്തിൽ യോഗാദിനം ആചരിച്ചു.**



## ഉച്ചഭക്ഷണ വിതരണോൽഘാടണം

**PTA യുടെ ആഭിമുഖ്യത്തിൽ ഉച്ചഭക്ഷണ വിതരണപരിപാടിക്ക്തുടക്കം കുറിച്ചു.**

# സഹപാഠിക്കൊപ്പം ആശ്രമം കുടുബം.

**പ്രളയക്കെടുതിയിൽ കൈത്താങ്ങായ്.**








Computer Lab


ആശ്രമം ഹയർ സെക്കൻററി സ്കൂൾ പെരുമ്പാവൂർ
ഉന്നത വിജയികൾക്ക് അനുമോദനം
പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ
ഉദ്ഘാടനം
31

# വിജയോത്സവം


ആശ്രമം ഹയർ സെക്കന്ററി സ്കൂൾ പെരുമ്പാവൂർ
ഉന്നത വിജയികൾക്ക് അനുമോദനം
പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ






HELLO
ENGLISH






HAPPY INDEPENDENCE DAY

# അധ്യാപകദിനം











# ഗാന്ധി ജയന്തി ദിനം





# കായികോത്സവം









# കലോത്സവം








തത്ത്വമസി
9847313095






ASRAM.H.S.S










ആശ്രമം ഹയർ സെക്കണ്ടറി സ്ക്കൂൾ
പെരുമ്പാവൂർ
സംസ്ഥാന ശാസ്ത്ര–ഗണിതശാസ്ത്ര
പ്രവൃത്തി പരിചയമേളകളിലെ
വിജയികൾക്ക്
അനുമോദനങ്ങൾ
ദിയാമോൾ ഡേവിസ്
പ്രവൃത്തി പരിചയമേള
FIRST A GRADE
നന്ദന മോഹൻ
ഗണിത ശാസ്ത്രമേള
SECOND A GRADE
ജോൺ പൈലി, മിഥുൻ ജോൺ മാത്യൂസ്
ശാസ്ത്രമേള A GRADE
സ്ക്കൂൾ മാനേജ്മെന്റ്, സ്റ്റാഫ് & പി.ടി.എ


ASRAM
HIGHER SECONDARY SCHOOL



## പൂർവ്വവിദ്യാർത്ഥി സംഗമം - പത്മശ്രീ ഡോക്ടർ കെ.എം ചെറിയാനെ ആദരിക്കുന്നു.










ANNA CATERING
IRINGOLE






unforgettable
moments

# നന്ദി......

ആശ്രമത്തിന്റെ സ്വപ്നങ്ങളെ വാനോളം ഉയർത്തിയ

ആശ്രമം കുടുംബാംഗങ്ങൾക്ക്.....

